കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടപ്ര ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**
e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി:15.05.2020

കെ.എസ്.എ.പിറ്റിഎ.പി4/198/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
കടപ്ര ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: കടപ്ര ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്ര ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പിറ്റിഎ.പി4/198/2020 തീയതി :15.05.2020

**പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).**

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 16.01.19 മുതൽ 19.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിജയലക്ഷ്മി പി.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.02.2020 മുതൽ 04.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി ദീപ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. അനിൽകുമാർ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷിബു വർഗ്ഗീസ് | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ. ചന്ദ്രബാബു എസ്.എസ്. | 01.04.18 മുതൽ 05.08.18 വരെ |
| | ശ്രീ. സി.പി.സനൽകുമാർ | 06.08.18 മുതൽ 26.09.18 വരെ |
| | ശ്രീ.എ.ആർ.ശാന്തകുമാർ (സെക്രട്ടറി-ഇൻ-ചാർജ്) | 27.09.18 മുതൽ 14.10.18 വരെ |
| | ശ്രീ.സുരേഷ് കെ.വി. | 15.10.18 മുതൽ 19.10.18 വരെ |
| | ശ്രീ. എ.ആർ.ശാന്തകുമാർ (സെക്രട്ടറി-ഇൻ-ചാർജ്) | 20.10.18 മുതൽ 05.12.18 വരെ |
| | ശ്രീ.എസ്.എസ്. നൗഫൽ | 06.12.18 മുതൽ 24.03.19 വരെ |
| | ശ്രീ.രാധാകൃഷ്ണൻ വി. (സെക്രട്ടറി-ഇൻ-ചാർജ്) | 25.03.19 മുതൽ 31.03.19 വരെ |

**(സി) മറ്റ് നിർവ്വഹണഉദ്യോഗസ്ഥർ**

| നിർവ്വഹണ ഉദ്യോഗസ്ഥൻ ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി രശ്മി സി.ആർ. | 01.04.18 മുതൽ 31.07.18 വരെ |
| | ശ്രീ. റോയ് ഐസക് | 01.08.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. രമേശ് കുമാർ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. കോശി സി.പണിക്കർ | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബീന എലിസബത്ത് | 01.04.18 മുതൽ 04.11.18 വരെ |
| | ഡോ.എൻ.സുബ്ബിയൻ | 05.11.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | കുമാരി സിന്ധു ആർ. | 01.04.18 മുതൽ 19.07.18 വരെ |
| | ശ്രീമതി സീന ജി. | 20.07.18 മുതൽ 03.10.18 വരെ |
| | ശ്രീമതി പുഷ്പകുമാരി എൽ.കെ. | 04.10.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജിസ് മേരി എ.പി. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷാമിലാ എം. | 01.04.18 മുതൽ 31.03.19 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി ഓമന കെ.പി. | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ. | ശ്രീ. വാവാ കുട്ടൻ | 01.04.18 മുതൽ 31.03.19 വരെ |
| | ശ്രീ. അരുൺ ആർ. | 01.04.18 മുതൽ 17.07.18 വരെ |
| | ശ്രീ. ജെൽഫിൻ എ. യോഗി | 18.07.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി വി.എൻ. പ്രിയ | 01.04.18 മുതൽ 31.03.19 വരെ |
| അസി. സെക്രട്ടറി | ശ്രീ എ.ആർ. ശാന്തകുമാർ | 01.04.18 മുതൽ 31.03.19 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഓഡിറ്റ് പരാമർശം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം – 1: ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| 11 | ഓഡിറ്റോറിയത്തിനു ചട്ടം ലംഘിച്ച് പെർമിറ്റ് നൽകി | 1-11 |
| 12 | ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | 1-12 |
| 13 | കടമുറികളുടെ വാടക - കരാറിലേർപ്പെടുന്നില്ല | 1-13 |
| 14 | വാടകയിന്മേൽ ജി.എസ്.ടി. ഈടാക്കിയില്ല | 1-14 |
| 15 | കൺസ്യൂമർഫെഡിന് വാടക ഒഴിവാക്കി നൽകി | 1-15 |
| 16 | 1.25 ലക്ഷം രൂപ വില നിശ്ചയിച്ച മരങ്ങൾ ലേലം ചെയ്തില്ല | 1-16 |
| 17 | തൊഴിൽനികുതി/സ്ഥാപന തൊഴിൽ നികുതി - രജിസ്റ്ററും സ്റ്റേറ്റുമെന്റുകളും അപൂർണ്ണം | 1-17 |
| 18 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-18 |
| 19 | റേഷൻകടകളിൽനിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | 1-19 |
| 20 | വിനിയോഗത്തിലെ കുറവ് മൂലം പഞ്ചായത്തിന് നഷ്ടപ്പെട്ടത് 1.01 കോടി | 1-20 |
| 21 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം – നിഷ്ഫലമായ ചെലവ് 16 ലക്ഷം | 1-21 |
| 22 | പി.എച്ച്.സി - പഴയ കെട്ടിട പുനരുദ്ധാരണം - പൂർത്തിയാക്കുന്നതിനുമുമ്പ് നിർമ്മാണത്തകർച്ച | 1-22 |
| 23 | മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്കിൽ തീയതികൾ തിരുത്തി | 1-23 |
| 24 | നീർത്തട പ്രദേശത്ത് പി.എച്ച്.സി-യ്ക്ക് കെട്ടിടം – നിർമ്മാണം ലക്ഷ്യം കണ്ടില്ല | 1-24 |
| 25 | മരാമത്ത് പ്രവൃത്തികളുടെ ബിൽ – യഥാസമയം ബിൽ സമർപ്പിക്കുന്നതിൽ വീഴ്ച | 1-25 |
| 26 | ആയുർവേദാശുപത്രി നവീകരണം - കരാറുകാരന് പ്രതിഫലം നൽകിയില്ല | 1-26 |
| 27 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ | 1-27 |
| 28 | ആവിഷ്കരിച്ച പദ്ധതികൾ നടപ്പാക്കാതിരുന്നതിനാൽ ഫണ്ട് ലാപ്സായി | 1-28 |
| 29 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | ലൈഫ് മിഷൻപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-30 |
| 31 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് – അർഹമായ നിരക്കിൽ നൽകിയില്ല | 1-31 |
| 32 | നിലവിലില്ലാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് – പ്രതിവർഷ നഷ്ടം 4.59 ലക്ഷം | 1-32 |
| 33 | സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വെള്ളക്കരം ഒടുക്കുന്നു | 1-33 |
| 34 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 1-34 |
| 35 | അനുപൂരക പോഷകാഹാരം – കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-35 |
| 36 | വാഴഗ്രാമം പദ്ധതി – നിർവ്വഹണത്തിൽ അപാകത | 1-36 |
| 37 | പ്രാഥമികാരോഗ്യകേന്ദ്രത്തിനു മരുന്നു വാങ്ങൽ - മരുന്ന് ലഭിച്ചില്ല | 1-37 |

| | | |
|---|---|---|
| 38 | ആയുർവേദാശുപത്രിക്ക് ഫർണിച്ചറും വാട്ടർ പ്യൂരിഫയറും വാങ്ങൽ – നടപടിക്രമങ്ങൾ പാലിച്ചില്ല | 1-38 |
| 39 | സമ്പൂർണ്ണ ശുചിത്വ പദ്ധതി അക്കൗണ്ടിൽ (TSC) അവശേഷിച്ച തുക തിരികെ ഒടുക്കിയില്ല | 1-39 |
| 40 | വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് – രേഖകൾ ഹാജരാക്കിയില്ല | 1-40 |
| 41 | റോഡ് ടാറിംഗ് പ്രവൃത്തികൾ - കാലി ബാരലുകളുടെ വില ഈടാക്കിയില്ല | 1-41 |
| | **ഭാഗം – 2: വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 42 | ഇല്ല | 2-1 |
| | **ഭാഗം – 3: ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 43 | ഇല്ല | 3-1 |
| | **ഭാഗം – 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 44 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 45 | ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ | 4-2 |
| 46 | വായ്പ/വായ്പാ തിരിച്ചടവ് | 4-3 |
| 47 | സ്ഥിര നിക്ഷേപം | 4-4 |
| 48 | ഓഡിറ്റ് റിക്കവറി | 4-5 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-6 |
| 50 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 53 | AUDIT CERTIFICATE | Annexure - I |
| 54 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം - 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ ബജറ്റ് 23.03.2018-ലെ I(1) തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 20.02.2019-ൽ അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 30.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6541485 |
| വരവ് | 74356351 |
| ആകെ | 80897836 |
| ചെലവ് | 58188856 |
| നീക്കിയിരിപ്പ് | 22708980 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | ബജറ്റ് പ്രകാരം ലഭ്യമായ തുക/വരവ് | ആകെ | ചെലവ് | ലാപ്സായതുക/ നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 12682000 | 12682000 | 10886032 | 1795968 |
| വികസന ഫണ്ട് (എസ്.സി.പി) | | 0 | 6948000 | 6948000 | 3406840 | 3541160 |
| വികസന ഫണ്ട് (ടി.എസ്.പി) | | 0 | 69000 | 69000 | 0 | 69000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 0 | 8031000 | 8031000 | 7391771 | 639229 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 0 | 2780000 | 2780000 | 1287935 | 1492065 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 5886000 | 5886000 | 3291740 | 2594260 |
| സാക്ഷരത | | 543 | 0 | 543 | 0 | 543 |
| ദുരിതാശ്വാസനിധി | | 677 | 0 | 677 | 0 | 677 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 11409008 | 11409008 | 11409008 | 0 |
| | ഭരണ ചെലവ് | 21334 | 1628172 | 1649506 | 1422745 | 226761 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | ശുചിത്വമിഷൻ | 1494795 | 2107520 | 3602315 | 0 | 3602315 |
| കേന്ദ്രാവിഷ്കൃത | ഐ.സി.ഡി.എസ്. | 840013 | 205975 | 1045988 | 0 | 1045988 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 810042 | 243840 | 3248532 | 1885633 | 1362899 |
| | ജില്ലാ പഞ്ചായത്ത് | 344091 | 12901769 | 13245860 | 4979909 | 8265951 |
| ബി ഫണ്ട് | | 0 | 21880 | 21880 | 21880 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7139694 | 11372093 | 18511787 | 10561050 | 7950737 |
| | ട്രഷറി അക്കൗണ്ട് | 286323 | 8899138 | 9185461 | 4372085 | 4813376 |
| ഇ-പേയ്മെന്റ് | | 27234 | 53276 | 80510 | 0 | 80510 |
| പൈക്ക | | 2151 | 0 | 2151 | 0 | 2151 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 139 | 75496753 | 79 | 35180932 | 60 | 57 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21334 | 1628172 | 1649506 | 1422745 | 226761 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11409008 | 11409008 | 11409008 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15120 | 16 |
| വിധവാപെൻഷൻ | 7194600 | 602 |
| വാർദ്ധക്യകാലപെൻഷൻ | 18482000 | 1580 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 2436100 | 203 |
| അവിവാഹിതരായ 50 വയസിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 401600 | 34 |
| സാധുക്കളായുള്ള വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.03.2020 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21277രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.10.2019 മുതൽ 30.10.2019 വരെ | 2019 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.10.2016 മുതൽ 14.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 03.01.2017 |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

1. ട്രഷറി റ്റി.എസ്.ബി. അക്കൗണ്ടിന്റെ (നം.70707140000001) ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 48,12,276 രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 49,44,148 രൂപയുമാണ്. ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ, Cheque issued but not presented into bank എന്നയിനത്തിൽ 34,650(1180631/31.03.17), 47,820(1180630/31.03.17) എന്നീ തുകകൾ കാണിച്ചിരിക്കുന്നു. പഞ്ചായത്ത് നൽകിയതും പണമാക്കാനാകാത്തതുമായ ചെക്കുകളിൽ കാലാവധി കഴിഞ്ഞ ടി ചെക്കുകൾ Liability in respect of Stale Cheque എന്ന ശീർഷകത്തിൽ വരവ് ചെയ്തിട്ടില്ല.
2. ജില്ലാ സഹകരണബാങ്ക് (Old) അക്കൗണ്ടിലെ മുന്നിരിപ്പ് തുക 0 ആയിരുന്നു. എന്നാൽ നീക്കിയിരിപ്പ് തുകയായി 21,000 രൂപ കാണിച്ചിട്ടുണ്ട്. ടി അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. Suppliers EMD ഇനത്തിലെ തൻവർഷത്തെ വരവ്, ചെലവ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. വാർഷിക ധനകാര്യപത്രിക പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് തുക 25,98,530 രൂപയും കളക്ഷൻ 25,79,530 രൂപയുമാണ്. ഈയിനത്തിൽ തൻവർഷം 19,000 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. എന്നാൽ ടി തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ ഉൾപ്പെടുത്തിയിട്ടില്ല.
5. Rent from building ഇനത്തിൽ മുൻവർഷം പിരിച്ചെടുക്കുവാൻ അവശേഷിച്ചിരുന്ന 10,130 രൂപയിൽ 6143 രൂപ തൻവർഷം പിരിച്ചെടുത്തിരുന്നു. അവശേഷിക്കുന്ന 3987 രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ ഉൾപ്പെടുത്തിയിട്ടില്ല.
6. Rent from building ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷത്തെ വരവ് തുക 1,66,051 രൂപയും ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷത്തെ വരവ് തുക 1,73,532 രൂപയുമാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

7. വസ്തുനികുതി, സർവ്വീസ് ടാക്സ് എന്നീ ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷത്തെ ഡിമാന്റ് തുക മാത്രമാണ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നത്. ഈയിനത്തിലുള്ള മറ്റ് തുകകളൊന്നും പൊരുത്തപ്പെടുന്നില്ല.

## 1-11 ഓഡിറ്റോറിയത്തിനു ചട്ടം ലംഘിച്ച് പെർമിറ്റ് നൽകി

ശ്രീ. റോയ് ജോൺ, വെരീലത്ത് പുത്തൻവീട്, വളഞ്ഞവട്ടം എന്ന വ്യക്തിയുടെ, റീസർവ്വേ നം. 84/2019-ൽപ്പെട്ട 13.6 ആർ. സ്ഥലത്ത്, 922.56 ച.മീറ്റർ വിസ്തൃതിയുള്ള ഒരു ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് ഗ്രാമപഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് (നമ്പർ 03.07.2018-ൽ A2-BA(133388)/2018) നൽകി. ഓഡിറ്റോറിയം നിർമ്മിക്കുന്നതിനു അനുമതിക്കായി സമർപ്പിച്ച പ്ലാനിൽഅപാകതകൾ ഉണ്ടായിരുന്നുവെങ്കിലും ആയത് പരിഹരിക്കാൻ അപേക്ഷകനോട് നിർദ്ദേശിക്കാതെ, കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് അനുമതി നൽകി. ചട്ടങ്ങൾ ലംഘിച്ച് ഓഡിറ്റോറിയം നിർമ്മിച്ച വ്യക്തി, പെർമിറ്റ് പ്രകാരം നിർമ്മാണ അനുമതി ലഭിച്ചതിനേക്കാൾ 455.34ച.മീറ്റർ അധിക വിസ്തൃതിയിൽ നിർമ്മാണം നടത്തുകയും ചെയ്തു.

പെർമിറ്റിനു വേണ്ടി സമർപ്പിച്ച പ്ലാനിലെ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രധാന റോഡിൽനിന്ന് പ്ലോട്ടിലേക്ക് ചട്ടപ്രകാരമുള്ള പ്രവേശന മാർഗ്ഗം ഇല്ല.
2. റൂൾ 56, 57 B എന്നിവ പ്രകാരം വേണ്ട ശുചീകരണ സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ഇല്ല.
3. ഖര/ദ്രവ മാലിന്യങ്ങൾ സംഭരിക്കുന്നതിനും അവ വൃത്തിയായി കൈയൊഴിയുന്നതിനുമായുള്ള ക്രമീകരണങ്ങൾ ഇല്ല [റൂൾ 57(12)].
4. സൈറ്റിലേക്കുള്ള പ്രവേശന മാർഗ്ഗത്തിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെടുന്നു.
5. ശാരീരിക അവശതകൾ ഉള്ളവർക്കുവേണ്ടി റാമ്പ് ഇല്ല റൂൾ [104(1)].
6. അഗ്നിരക്ഷാ വകുപ്പിന്റെ അനുമതി പത്രം ഇല്ല.
7. മഴവെള്ള സംഭരണ സംവിധാനം ഇല്ല.

ഓഡിറ്റോറിയത്തിന്റെ സെല്ലാർ ഭാഗം പാർക്കിംഗിനുവേണ്ടി നീക്കിവച്ചിരിക്കുന്നതായി പ്ലാനിൽ കാണിച്ചിട്ടുണ്ട്. എന്നാൽ വിവാഹ ആവശ്യത്തിനായി ഓഡിറ്റോറിയം ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട ഡൈനിംഗ് ഹാൾ ഇല്ല. ഇതു സംബന്ധിച്ച് അപേക്ഷകനോട് വിവരങ്ങൾ ആരാഞ്ഞ് വ്യക്തത വരുത്താൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. നിലവിൽ പാർക്കിംഗ് സ്ഥലം (പ്ലാൻ പ്രകാരമുള്ളത്) കെട്ടിയടച്ച് ഡൈനിംഗ് ഹാളാക്കി മാറ്റിയിരിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ 19.06.2018-ൽ നൽകിയ അന്വേഷണ റിപ്പോർട്ട് അപൂർണ്ണമാണ്. പ്ലോട്ടിനു മുന്നിലുള്ള സർക്കാർ പുറമ്പോക്ക് ഭൂമികൂടി ചേർത്താണ് മുൻവശത്തെ അളവ് കണക്കാക്കിയിട്ടുള്ളത്(15.8m). പ്രവേശന മാർഗം, റാമ്പ്, മഴവെള്ള സംഭരണ സംവിധാനം, ടോയ്‌ലറ്റ് സൗകര്യം, മറ്റ് വകുപ്പുകളുടെ അനുമതി പത്രം എന്നിവ സംബന്ധിച്ച് അസി.എഞ്ചിനീയറുടെ റിപ്പോർട്ടിൽ പരാമർശമില്ല. ചട്ടലംഘനങ്ങൾ ഒന്നുംതന്നെ റിപ്പോർട്ടു ചെയ്യാതെ, സെറ്റ് ബാക്ക് അളവുകൾ, FAR, കവറേജ് എന്നിവയുടെ വിവരം മാത്രം രേഖപ്പെടുത്തി, പെർമിറ്റ് അനുവദിക്കാൻ ശുപാർശ ചെയ്യുകയാണുണ്ടായത്. ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാൻ ശുപാർശ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറുടെ ഈ നടപടി ഗുരുതരമായ ക്രമക്കേടാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

നിയമവിരുദ്ധമായി തയ്യാറാക്കി സമർപ്പിക്കപ്പെട്ട പ്ലാൻ അപാകതയുള്ളതാണെന്ന് സെക്ഷൻ ക്ലാർക്ക് ചൂണ്ടിക്കാണിച്ചിട്ടും ആയത് പരിശോധനാവിധേയമാക്കി നിരസിക്കുന്നതിനു പകരം, അസി.എഞ്ചിനീയറുടെ തെറ്റായ ശുപാർശയുടെ അടിസ്ഥാനത്തിൽ, അപാകതകൾ പരിഹരിക്കാമെന്ന അപേക്ഷകന്റെ മറുപടി മാത്രം പരിഗണിച്ച്,

അംഗീകൃത പ്ലാനിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തരുതെന്നും, പാർക്കിംഗ് സ്ഥലം കുറവു വരുത്തരുതെന്നും, സൈറ്റിനു മുമ്പിൽ സർക്കാർ ഭൂമിയുള്ളതിനാൽ സൈറ്റിലേക്ക് വഴി പരിമിതമാണെന്നും കെ.പി.ബി.ആർ. പ്രകാരമുള്ള ലേ ഔട്ട് പാലിക്കണമെന്നുമുള്ള നിർദ്ദേശത്തോടെ പെർമിറ്റ് നൽകിയ സെക്രട്ടറിയുടെ നടപടി അംഗീകരിക്കത്തക്കതല്ല. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് ഗുരുതരമായ ചട്ടലംഘനങ്ങൾ നിലനിൽക്കെയാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്നാണ്. ചട്ടം 13(1), 13(2) എന്നിവ പ്രകാരം പ്രസ്തുത പ്ലാൻ നിരസിക്കാമെന്നിരിക്കെ വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്ലാൻ അംഗീകരിച്ചത് സെക്രട്ടറിയുടെ ബോധപൂർവ്വമായ നടപടിയാണെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

അനുവദനീയമായ FAR (0.70) പ്രകാരം 1360 ച.മീറ്റർ പ്ലോട്ടിൽ 952 ച.മീറ്റർ വിസ്തൃതിയിൽ കെട്ടിട നിർമ്മാണം നടത്താവുന്നതാണ്. ഇപ്രകാരം 922 ച.മീറ്റർ കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്ലാൻ സമർപ്പിച്ച് അംഗീകാരം വാങ്ങിയത്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച്, നമ്പർ ലഭിക്കുന്നതിനായി ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 1377.9 ച.മീറ്ററും കാർപ്പെറ്റ് ഏരിയ 916.36 ച.മീറ്ററുമാണ്. FAR 0.70-നു പകരം 1.01 ആയി മാറിയിട്ടുണ്ട്. FAR ലംഘനം മറച്ചു വയ്ക്കുന്നതിനായി, കാർപ്പെറ്റ് ഏരിയയെ പ്ലിന്ത് ഏരിയയാക്കി പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ചാണ് പെർമിറ്റ് നേടിയത് എന്ന് വ്യക്തമാണ്. കെട്ടിട നിർമ്മാണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പരിശോധന നടത്താനോ, നിർമ്മാണം നിയന്ത്രിക്കാനോ ഗ്രാമപഞ്ചായത്ത് ശ്രമിച്ചിട്ടുമില്ല.

എന്നാൽ കംപ്ലീഷൻ പ്ലാൻ ലഭിച്ചതിനെത്തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടം പരിശോധിച്ച്, ചുവടെ പറയുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. അനുവദനീയമായ FAR 0.7 ആണ്. എന്നാൽ നിലവിൽ പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ എഫ്.എ.ആർ 1.01 ആണ്.
2. അനുവദനീയമായ കവറേജ് 35 ആണ്. എന്നാൽ നിലവിലുള്ളത് 52 ആണ്.
3. ഉമ്മറം കുറഞ്ഞത് ആറ് മീറ്റർ വേണ്ട സ്ഥാനത്ത് ഒരു മീറ്റർ മാത്രമാണുള്ളത്.
4. പാർശ്വാങ്കണങ്ങൾ ശരാശരി അഞ്ചു മീറ്റർ വീതം ഉണ്ടായിരിക്കേണ്ട സ്ഥാനത്ത് യഥാക്രമം 2.68 മീറ്റർ, 3.87 മീറ്റർ വീതമാണുള്ളത്.
5. പ്രവേശന മാർഗ്ഗം 7മീറ്ററിനു പകരം 4 മീറ്റർ മാത്രമേയുള്ളൂ.
6. ശാരീരിക അവശതകൾ ഉള്ളവർക്കുവേണ്ടി റാമ്പ് ഇല്ല.
7. പാർക്കിംഗ് ആവശ്യത്തിനായി, തൊട്ടടുത്ത പുരയിടം പാട്ടത്തിനെടുത്തതാണ്.

അപാകതകൾ പരിഹരിക്കാൻ നിർദ്ദേശിച്ച് കെട്ടിട ഉടമയ്ക്ക് 06.02.2020-ൽ പഞ്ചായത്തിൽനിന്ന് കത്ത് നൽകിയിട്ടുണ്ട്. അപേക്ഷ യഥാവിധി പരിശോധിച്ച് പെർമിറ്റ് നൽകുന്നതിൽ വീഴ്ച വരുത്തുകയും, തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങൾ യഥാസമയം വിനിയോഗിച്ച്, അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിനു ചട്ടപ്രകാരം അനുവർത്തിക്കേണ്ട നടപടികൾ സ്വീകരിക്കാൻ വിമുഖത കാട്ടുകയും ചെയ്ത ഗ്രാമപഞ്ചായത്തിന്റെ നടപടി തികച്ചും തെറ്റാണ്. മാവേലിക്കര-തിരുവല്ല റോഡിൽ സ്ഥിതിചെയ്യുന്ന ഈ ഓഡിറ്റോറിയത്തിന് നിലവിൽ നമ്പർ നൽകാൻ സാധിക്കാത്ത സ്ഥിതിയാണ്. ക്രമവിരുദ്ധമായി പെർമിറ്റ് നൽകിയ സെക്രട്ടറിയിൽനിന്നും വിശദീകരണം തേടുന്നതിനും, ഈ വിഷയം വകുപ്പുതലത്തിൽ അന്വേഷണവിധേയമാക്കുന്നതിനും ശുപാർശ ചെയ്യുന്നു. അതോടൊപ്പം, പ്രസ്തുത കെട്ടിടനിർമ്മാണം നിയമവിധേയമാക്കുന്നതിനു ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചതിനാൽ

# പഞ്ചായത്തിന് വരുമാന നഷ്ടം

ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിലുമുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ആകെ തറവിസ്തീർണ്ണത്തിന് അനുസൃതമായ നിരക്ക് ഈടാക്കാതെ ഒരോ മുറിക്കും പ്രത്യേകം നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയതിനാൽ, നിർണ്ണയിച്ച നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം3(5) എന്നിവ അനുശാസിക്കും പ്രകാരം വസ്തുനികുതി നിർണ്ണയം നടത്താതിരുന്നതിനാലാണ് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതിയിൽ ഇപ്രകാരം കുറവുണ്ടായിട്ടുള്ളത്.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക് ഇപ്രകാരമാണ്.

| കെട്ടിടത്തിന്റെ ഇനം | ഏരിയ<br>ച.മീറ്റർ | നിരക്ക് |
|---|---|---|
| വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 100 ച.മീ. വരെ | 30 രൂപ |
| | 100 ച.മീറ്ററിനു മുകളിൽ | 50 രൂപ |

ചുവടെ പറയുന്ന ഓരോ കെട്ടിടത്തിന്റെയും ആകെ വിസ്തീർണ്ണം 100 ച.മീറ്റർ കവിയുന്നുണ്ട്. അതിനാൽ ച.മീറ്ററിന് 50 രൂപ ക്രമത്തിൽ നികുതി ഈടാക്കാമായിരുന്നു. എന്നാൽ ഈ കെട്ടിടങ്ങളിലെ ഓരോ മുറികൾക്കും പ്രത്യേകം നമ്പർ നൽകുകയും ഇവ പ്രത്യേകമായി നികുതിനിർണ്ണയം നടത്തുകയും ചെയ്തപ്പോൾ ച.മീറ്ററിന് 30 രൂപ ക്രമത്തിലാണ് നികുതി ചുമത്തിയിട്ടുള്ളത്. അതിനാൽ ആകെ നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട നികുതി @50/m2 (ഇളവ്/ വർദ്ധനവ് കൂടാതെ) | ഈടാക്കിയ നികുതി @30/m2 (ഇളവ്/ വർദ്ധനവ് കൂടാതെ) | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീ.സാബു സി.വർഗ്ഗീസ് & ശ്രീമതി എലിസബത്ത് സാബു, ചുള്ളിക്കാട്ടിൽ, നിരണം. | I/392 A,B,C,D,A1,B1,C1,D1 | 117 | 5850 | 3510 | 2340 |
| 2 | ശ്രീ.ജോർജ്ജ് തോമസ്, കാരാപ്പള്ളിൽ, വളഞ്ഞവട്ടം | I/479,480A, 481,482 | 124 | 6200 | 3720 | 2480 |
| 3 | ശ്രീ. സജിമോൻ.പി.സി., പാലത്തിങ്കൽ, കടപ്ര മാന്നാർ പി.ഒ. | XI/258 A,B,C,D | 199.8 | 9990 | 5994 | 3996 |
| 4 | ശ്രീ. എം.സി.ചെറിയാൻ, മാലിപ്പുറത്ത്, നിരണം. | XIV/388 C,D,E | 213 | 10650 | 6390 | 4260 |
| 5 | ശ്രീ.റോജി വർഗ്ഗീസ്, അടിവാക്കൽ | XIV/536, 537,538, 539,540A,B,C,D | 181.87 | 9093.5 | 5456.1 | 3637.4 |

| | | | | | | |
|---|---|---|---|---|---|---|
| | പുത്തൻ പറമ്പിൽ, നിരണം | | | | | |
| 6 | ശ്രീമതി ജെയിൻ മേരി ജോർജ്ജ്, കടവിൽ മേടയിൽ, പരുമല പി.ഒ. | X/350 A,B,C,D | 178.43 | 8921.5 | 5352.9 | 3568.6 |
| 7 | ശ്രീ.ബിന്നി വർഗ്ഗീസ് & ശ്രീമതി ഷീബ ബിന്നി, ചെമ്പുമാലിൽ നെടുങ്ങാട്ട്, വളഞ്ഞവട്ടം പി.ഒ. | X/499 A,B,C,D | 168.9 | 8445 | 5067 | 3378 |
| 8 | ശ്രീ.ഐസക്ക് വി.മാത്യു, വാല്ലത്ത്, വളഞ്ഞവട്ടം പി.ഒ. | X/533 A,B,C | 107.95 | 5397.5 | 3238.5 | 2159 |
| | **ആകെ** | | | **64547.5** | **38728.5** | **25819** |

ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്താവുന്നതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു. ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്താവുന്നതാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം3(5)ലും പറഞ്ഞിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളിലെ എല്ലാ മുറികളും ഒരേ ആവശ്യത്തിനുപയോഗിക്കുന്നവയാണെങ്കിലും ഇവയ്ക്ക് ചട്ടവിരുദ്ധമായി പ്രത്യേകം നികുതി ചുമത്തുകയാണ് ചെയ്തിരിക്കുന്നത്.

നികുതി നിർണ്ണയത്തിലെ അപാകത ചൂണ്ടിക്കാട്ടി രണ്ട് ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നു (8/ 24.02.2020 & 16/26.02.2020). കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായും, കുറവുവന്ന നികുതി ഈടാക്കി, വിവരം ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 1-13 കടമുറികളുടെ വാടക - കരാറിലേർപ്പെടുന്നില്ല

2018-19-ലെ കടമുറി വാടകയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പഞ്ചായത്ത് ഷോപ്പിംഗ് ഹാളിലെ 3 മുറികൾ, മാർക്കറ്റിലെ 3 മുറികൾ, മാർക്കറ്റിലെ 2 സ്റ്റാളുകൾ, 3 ബങ്കുകൾ എന്നിവയാണ് തൻവർഷം വാടകയ്ക്ക് നൽകിയത്. മുൻവർഷം വാടകയ്ക്ക് നൽകിയവർക്ക് 5% വർദ്ധനവ് വരുത്തി തൻവർഷവും നൽകുകയാണ് ചെയ്തത്. ശ്രീ റ്റി.ആർ.പ്രകാശ്, തോണ്ടപ്പുറത്ത് (കടമുറി നം. II/275B, സ്റ്റാൾ I, II) എന്നയാളുടെ കരാർപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മറ്റുള്ളവരിൽ നിന്നും 200 രൂപയുടെ മുദ്രപത്രം വാങ്ങിയിട്ടുണ്ടെങ്കിലും ആയതിൽ വ്യവസ്ഥകൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയം ആരാഞ്ഞുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (15/26.02.2020) നൽകിയ മറുപടിയിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ സർക്കുലർ (നം.എച്ച് 1-13880/06) പ്രകാരം പഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതനുസരിച്ച് വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 വാടകയിന്മേൽ ജി.എസ്.ടി. ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം വാടകയിന്മേൽ ജി.എസ്.റ്റി. ഈടാക്കിയിട്ടില്ലെന്ന് വ്യക്തമായി. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് 01.07.2017 മുതൽ ജി.എസ്.ടി. ബാധകമാക്കിയിട്ടുണ്ട് (01.11.2017-ലെ സ.ഉ.(അച്ചടി)നം.87/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/26.02.2020) ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. തുക കണക്കാക്കി വാടകക്കാരിൽ നിന്നും ഈടാക്കേണ്ടതും ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-15 കൺസ്യൂമർഫെഡിന് വാടക ഒഴിവാക്കി നൽകി

പഞ്ചായത്തിന്റെ അധീനതയിലുള്ള VIII/278B നമ്പർ കടമുറിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡ് എന്ന സ്ഥാപനത്തിന് വാടക ഒഴിവാക്കി നൽകി. തദ്ദേശഭരണസ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾക്ക് മാത്രമാണ് ആദ്യ 5 വർഷത്തേക്ക് വാടക രഹിതമായി കെട്ടിടം അനുവദിക്കുന്നതിന് സർക്കാർ അനുമതിയുള്ളത്. കൺസ്യൂമർ ഫെഡിന് ഈ ആനുകൂല്യം സർക്കാർ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ സ്ഥാപനത്തിന് വാടക രഹിതമായി കെട്ടിടം വിട്ടുനൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്നും എന്നു മുതലാണ് പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചതെന്ന വിവരം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/27.02.2020) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനത്തിൽനിന്നും വാടക ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 1.25 ലക്ഷം രൂപ വില നിശ്ചയിച്ച മരങ്ങൾ ലേലം ചെയ്തില്ല

ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിലെ 21-ാം നമ്പർ അങ്കണവാടിയ്ക്ക് സമീപവും, 12-ാം വാർഡിലെ 20-ാം നമ്പർ അങ്കണവാടിയ്ക്ക് സമീപവും നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ഫോറസ്ട്രി ഡിവിഷന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, അടിസ്ഥാനവില 124518 രൂപയായി നിശ്ചയിച്ചിരുന്നു. ആയതനുസരിച്ച് 27.12.2017-ൽ ലേലവും, 09.01.2018-ൽ പുനർലേലവും നടത്തിയെങ്കിലും ആരും ലേലം കൊണ്ടില്ല. മരങ്ങളുടെ വില പുനർനിർണ്ണയിച്ച് ലേലം നടത്തേണ്ടതും ടി തുക തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി - രജിസ്റ്ററും സ്റ്റേറ്റുമെന്റുകളും അപൂർണ്ണം

ഓഡിറ്റ് വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പിരിവിന്റെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി സംബന്ധിച്ച അർദ്ധവാർഷിക റിട്ടേൺ സ്റ്റേറ്റ്മെന്റുകൾ കൃത്യമാക്കി അടുക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും, ജീവനക്കാരും സമർപ്പിക്കുന്ന രണ്ട് അർദ്ധവർഷത്തേയും റിട്ടേണുകളുടെ വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, അതിനുശേഷം ക്രമ നമ്പർ നൽകി റിട്ടേണുകൾ ശരിയായി ഫയലിൽ സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ മുഴുവൻ റിട്ടേണുകളും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഏതെല്ലാം ജീവനക്കാർ/സ്ഥാപനങ്ങൾ 2018-19 വർഷം തൊഴിൽ നികുതി/സ്ഥാപനതൊഴിൽ നികുതി എന്നിവ അടവാക്കാനുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ കഴിഞ്ഞില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷത്തെ ഡിമാന്റ് 2598530 രൂപയും വരവ് 2579530 രൂപയുമാണ്. ഈടാക്കാൻ അവശേഷിക്കുന്ന 19000 രൂപ ഏതെല്ലാം സ്ഥാപനങ്ങളിലെ ജീവനക്കാരുടെയാണെന്നുള്ള വിവരം ലഭ്യമാക്കിയില്ല. കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമില്ല. അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (20/28.02.2020) മറുപടി ലഭ്യമാക്കിയില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 18, ഉപചട്ടം (2) പ്രകാരം V-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപാകതയിന്മേൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കിയശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-18 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധിച്ചത് പ്രകാരം ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. കടപ്ര കൃഷിഭവനിലെ PTS ആയ ശ്രീമതി എ. ലളിതയുടെ രണ്ടാം അർദ്ധവർഷത്തെ വരുമാനം (ബോണസ് ഉൾപ്പടെ) 78592 രൂപയാണ്. ടിയാളിൽ നിന്നും തൊഴിൽ നികുതി 750 രൂപ ഈടാക്കുന്നതിന് പകരം 600 രൂപയാണ് ഈടാക്കിയത്.
2. പഞ്ചായത്ത് പരിധിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് (20/27.02.2020) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ അപാകതകൾ പരിശോധിച്ച് തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 റേഷൻകടകളിൽനിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 റേഷൻ കടകളിൽ ഒന്നുംതന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല എന്ന് വ്യക്തമായി.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ

കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 വിനിയോഗത്തിലെ കുറവ് മൂലം പഞ്ചായത്തിന് നഷ്ടപ്പെട്ടത് 1.01 കോടി

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും അവ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതിലും ഉണ്ടായ വീഴ്ച മൂലം 2018-19 സാമ്പത്തിക വർഷം 10131682 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ അവശേഷിച്ച തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭ്യമായ തുക | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12682000 | 14692000 | 10886032 | 1795968 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 5886000 | 7731490 | 3291740 | 2594260 |
| വികസന ഫണ്ട് (എസ്.സി.പി.) | 6948000 | 6397017 | 3406840 | 3541160 |
| വികസന ഫണ്ട് (ടി.എസ്.പി.) | 69000 | 69000 | 0 | 69000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 2780000 | 4194973 | 1287935 | 1492065 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 8031000 | 12909552 | 7391771 | 639229 |
| ആകെ | | | | 10131682 |

പഞ്ചായത്തിന്റെ ക്ഷേമ/വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന പദ്ധതിപ്പണം വിനിയോഗിക്കാതെ ലാപ്സാക്കുന്നത് ന്യായീകരണം അർഹിക്കാത്ത വീഴ്ചയാണ്. പദ്ധതി ആസൂത്രണവും, നിർവ്വഹണവും കാര്യക്ഷമവും, സമയബന്ധിതവുമാക്കി ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - നിഷ്ഫലമായ ചെലവ് 16 ലക്ഷം

പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് നം.S0151/17 പ്രകാരം ആധുനിക ഗ്യാസ് ശ്മശാനം നിർമ്മിക്കുന്നതിന് പദ്ധതി നടപ്പാലാക്കിയിരുന്നു. 40 ലക്ഷം രൂപയായിരുന്നു അടങ്കൽ നിശ്ചയിച്ചിരുന്നത്. സംയുക്ത പദ്ധതിയായി വിഭാവനം ചെയ്തിരുന്ന ഈ പദ്ധതിയിക്ക് പഞ്ചായത്ത് വിഹിതമായി 400000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 16,00,000 രൂപയും, സംസ്ഥാനാവിഷ്കൃത വിഹിതമായി 20,00,000 രൂപയുമായിരുന്നു വകയിരുത്തിയിരുന്നത്. അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ തൃശ്ശൂർ, അയ്യന്തോൾ ആസ്ഥാനമായ കോസ്റ്റ്ഫോർഡ് എന്ന സ്ഥാപനത്തെയാണ്

നിർവ്വഹണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 22.02.2017-ൽ 1213/2016-2017 നമ്പരായി എഗ്രിമെന്റ് വെയ്ക്കുകയും, രണ്ട് തവണകളായി 16,00,000 രൂപ കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തു. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം സ്ഥാപനം പണി നടത്തിയിട്ടില്ല. പദ്ധതി അടങ്കലിന്റെ 40% തുകയും കൈപ്പറ്റിയ സ്ഥാപനം ക്രിമറ്റോറിയത്തിന്റെ 25% പണികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. പദ്ധതി നിലവിൽ ഉപേക്ഷിച്ച നിലയിലാണ്. കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പദ്ധതിയ്ക്ക് ചെലവഴിച്ച 16,00,000 രൂപ ഫലത്തിൽ പാഴ്ച്ചെലവായി.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗുരുതരമായ അപാകതകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം പ്രവൃത്തി നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് (കാറ്റഗറി ഡി) സാധാരണ ഗതിയിൽ ടെണ്ടർ കൂടാതെ പ്രവൃത്തികൾ ഏൽപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ തദ്ദേശഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ സ്ഥാപനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്താവുന്നതാണ് (G.O.(P)No.311/14/Fin, dtd.30.07.2014). അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ (സ.ഉ.(എം.എസ്.)നം.133/2013/തസ്വഭവ, തീ. 30.03.2013) പ്രകാരം ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രമാണ് COSTFORD പോലെയുള്ള സ്ഥാപനത്തെ ഏൽപ്പിക്കാവുന്നത്. ഈ പ്രോജക്ടിൽ പ്രധാനമായും രണ്ട് ഭാഗങ്ങളാണുള്ളത്. ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 1689010 രൂപയും, ഗ്യാസ് ഫർണസും, അനുബന്ധ നിർമ്മിതികളും നടത്തുന്നതിന് 1850000 രൂപയും, നികുതികളും, സർവ്വീസ് ചാർജ്ജും ഇനത്തിൽ 460990 രൂപയുമായിരുന്ന എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നത്. കെട്ടിടം നിർമ്മിക്കുന്നതിന് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള എസ്റ്റ്മേറ്റ് അല്ല തയ്യാറാക്കിയിട്ടുള്ളത്. PWD ഡാറ്റ ഉപയോഗിച്ചുള്ള സാധാരണ പ്രവൃത്തി നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. PWD ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രവൃത്തികൾ COSTFORD-നെ ഏൽപ്പിക്കുന്നതിന് വ്യവസ്ഥയില്ല. മാത്രവുമല്ല പി.ഡബ്ല്യു.ഡി. ഡാറ്റ പ്രകാരവും, ലോകോസ്റ്റ് (low cost) ടെക്നോളജി പ്രകാരവും എസ്റ്റിമേറ്റുകൾ തയ്യാറാക്കി താരതമ്യം ചെയ്ത് ചെലവ് കുറവാണെങ്കിൽ മാത്രമേ പ്രവൃത്തി ഏൽപ്പിക്കാവൂ എന്നാണ് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള താരതമ്യം നടത്തിയിട്ടില്ല. ഏജൻസി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് ക്രമപ്രകാരം സാങ്കേതികാനുമതിയും വാങ്ങിയിട്ടില്ല.

ഗ്യാസ് ഫർണസ് സ്ഥാപിക്കുന്നതിന് 1850000 രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്. HI-TECH CREMATORIUM PVT. LTD., കൈപ്പട്ടൂർ, പത്തനംതിട്ട എന്ന സ്ഥാപനം COSTFORD-മായി ചേർന്ന് ഗ്യാസ് ഫർണസ് സപ്ലൈ ചെയ്യുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ ഇടപാടിൽ സുതാര്യതയില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗണ്യമായ തുകയ്ക്കുള്ള ഈ പർച്ചേസ് സുതാര്യമായും, പ്രോക്യൂർമെന്റ് നടപടി ക്രമങ്ങളും പാലിച്ച് വേണമായിരുന്നു നടത്തേണ്ടിയിരുന്നത്. COSTFORD ഏകപക്ഷീയമായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ഗ്യാസ് ഫർണസിന് തുക നൽകുന്നതിന് സമ്മതിച്ച് പഞ്ചായത്ത് കരാറിലേർപ്പെട്ടത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. പ്രോക്യൂർമെന്റ് മാർഗ്ഗരേഖയിൽ സേവനങ്ങളുടെ പ്രോക്യൂർമെന്റ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതുപ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന സേവനങ്ങളുടെ പ്രോക്യൂർമെന്റ് QCBS രീതി അനുസരിച്ചാണ് ചെയ്യേണ്ടത്. 2 ലക്ഷത്തിനും 5 ലക്ഷത്തിനും ഇടയ്ക്കുള്ള സേവനങ്ങളുടെ പ്രോക്യൂർമെന്റ് FBS (Fixed Budget Selection) രീതി അനുസരിച്ചോ അല്ലെങ്കിൽ LCS (Least Cost Selection) രീതി അനുസരിച്ചോ ആണ് ചെയ്യേണ്ടത്. അതുകൊണ്ട് 2 ലക്ഷത്തിൽ താഴെ തുകയ്ക്കുള്ള സേവനങ്ങളുടെ പ്രോക്യൂർമെന്റ് മാത്രമേ നേരിട്ട് അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവൂ എന്ന് അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ പ്രോജക്ടിന്റെ കാര്യത്തിൽ ഈ നിബന്ധനകൾ ഒന്നും തന്നെ പാലിച്ചിട്ടില്ല.

കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് വയ്ക്കാതെയാണ് COSTFORD-ഉം ആയി കരാറിലേർപ്പെട്ടിട്ടുള്ളത്. എഗ്രിമെന്റിൽ പഞ്ചായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനം ഏകപക്ഷീയമായി തയ്യാറാക്കി നൽകിയിട്ടുള്ള ഒരു എഗ്രിമെന്റിൽ സെക്രട്ടറി

കൈയ്യൊപ്പ് വയ്ക്കു മാത്രമാണ് ചെയ്തിട്ടുള്ളത്. ഏജൻസിയുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ സാധ്യതയുള്ള വീഴ്ചകളിന്മേൽ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടങ്ങൾ ഈടാക്കുന്നതിനോ, പദ്ധതിയുടെ നിർവ്വഹണം വൈകിപ്പിക്കുന്ന പക്ഷം പിഴ ഈടാക്കുന്നതിനോ എഗ്രിമെന്റിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് അനുയോജ്യമായ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്താതെയും, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവ് ഒബ്സർവേഷൻ കാലയളവായി ഉൾപ്പെടുത്താതെയും കരാർ ചമച്ചത് ക്രമമല്ല.

ഏജൻസിക്ക് പദ്ധതി അടങ്കലിന്റെ 20% തുകയായ 800000 രൂപ 20.03.17-ലെ 0898681 നമ്പർ ചെക്ക് പ്രകാരം നൽകി. തുടർന്ന് 15.05.17-ൽ ആദ്യ ഗഡു തുകയുടെ യൂട്ടിലൈസേഷൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി 800000 രൂപ കൂടി അനുവദിച്ചു (ചെക്ക് നം.898689/15.06.17). എന്നാൽ തുക കൈപ്പറ്റിയതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. രണ്ടാം ഗഡു തുക കൈപ്പറ്റുന്നതിന് ഏജൻസിയുടെ പ്രോജക്ട് എഞ്ചിനീയർ ഹാജരാക്കിയ 976878 രൂപയുടെ ഒരു മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് ചെയ്ത പ്രവൃത്തികളുടെ മൂല്യം 389082 രൂപ മാത്രമാണ്. ഗ്യാസ് ഫർണസിന്റെ പാർട്ട് പേയ്മെന്റായി 500000 രൂപയും, നികുതി, സർവ്വീസ് ചാർജ്ജ് ഇനങ്ങളിലായി 87796 രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുകയോ, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ചെക്ക് മെഷർമെന്റ് നടത്തി അളവുകളുടെ കൃത്യത ബോദ്ധ്യപ്പെടുകയോ ചെയ്തിട്ടില്ല. അക്രഡിറ്റഡ് ഏജൻസി നടത്തിയ പ്രവൃത്തികളുടെ ഗുണനിലവാരം, ചെലവിന്റെ സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സെക്രട്ടറി എൽ.എസ്.ജി.ഡി. എഞ്ചിനീയർ വിഭാഗത്തെ ചുമതലപ്പെടുത്തുകയോ, അസി.എഞ്ചിനീയർ പ്രവൃത്തി സ്ഥലത്ത് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിന്റെ 15% വീതമുള്ള അഞ്ച് ഗഡുക്കളായും, അവശേഷിക്കുന്ന 5% തുക പെർഫോർമൻസ് ഗ്യാരണ്ടിയായി സൂക്ഷിച്ച് ഒബ്സർവേഷൻ പീരിഡിന് ശേഷവുമാണ് നൽകേണ്ടത്. എന്നാൽ കൈപ്പറ്റിയ തുകയുടെ 50% പോലും ചെലവഴിക്കാത്ത ഏജൻസിയ്ക്ക് വീണ്ടും 20% തുക അനുവദിക്കുകയാണ് ഉണ്ടായത്.

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ക്രിമറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണം കട്ടിള പൊക്കം വരെ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമായി. മൊത്തം അടങ്കലിന്റെ 40 ശതമാനം തുകയും കൈപ്പറ്റിയ ഐജൻസി ആകെ പ്രവൃത്തികളുടെ 25 ശതമാനംപോലും പൂർത്തിയാക്കിയിട്ടില്ല. കെട്ടിടം നിലവിൽ കാടുപിടിച്ചും, കെട്ടിടം നാശോന്മുഖവുമായ നിലയിലാണ്. ശ്മശാന പരിസരം മുഴുവൻ ഹരിത കർമ്മ സേന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം കൊണ്ട് നിറച്ചിരിക്കുന്നു. ശ്മശാനത്തിന്റെ സ്ഥലത്തോട് ചേർന്ന് പഞ്ചായത്ത് പുതുതായി മാലിന്യ സംസ്കരണ കേന്ദ്രം (MRF) സ്ഥാപിച്ചിരിക്കുന്നു. നിർമ്മാണത്തിലിരിക്കുന്ന ശ്മശാനത്തോട് ചേർന്ന് മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിച്ച പഞ്ചായത്തിന്റെ നടപടി പദ്ധതിയുടെ ഉദ്ദേശ്യ ശുദ്ധിയെതന്നെ ചോദ്യം ചെയ്യുന്നതാണ്.




ക്രിമിറ്റോറിയം - നിർമ്മാണം ഉപേക്ഷിച്ച നിലയിൽ

ഫയൽ പരിശോധിച്ചതിൽ അവസാനമായി 21.11.2018-ൽ കോസ്റ്റഫോർഡ് ഡയറക്ടർ ക്രിമറ്റോറിയം കെട്ടിടത്തിന്റെ തറ ഉയർത്തുന്നതിന് 455000 രൂപകൂടി ആവശ്യമാണെന്നും, അധിക തുക വകയിരുത്തിയ എസ്റ്റിമേറ്റിന് അനുമതി

നൽകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും കാണിച്ച് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ട യാതൊരു സാഹചര്യവും ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെടാനായില്ല. അഥവാ ഇത് അനിവാര്യമായിട്ടുണ്ടെങ്കിൽ കോസ്റ്റ്ഫോർഡിന്റെ നിർമ്മാണത്തിലെ പിഴവാണ് കാരണമെന്ന് വിലയിരുത്തുന്നു. ഏജൻസിയുടെ കത്തിന്മേൽ എന്ത് തുടർനടപടിയാണ് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകൾ ഫയലിൽ ഇല്ല.

പ്രവൃത്തി തുടർന്ന് നടത്തുന്നതിന് നിലവിൽ അടിസ്ഥാന സൗകര്യങ്ങളുടെയോ, ഫണ്ടിന്റെയോ പരിമിതികളില്ല. ഏജൻസി ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായ റോഡ് കണക്ടിവിറ്റി, 3 ഫേസ് വൈദ്യുതി സൗകര്യം, ജല ലഭ്യത എന്നിവയെല്ലാം ഗ്രാമപഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. 30.04.18-ൽ പഞ്ചായത്ത് ഏജൻസിക്ക് നൽകിയ കത്തിൽ നിർമ്മാണ പ്രവൃത്തികൾ സബ് കോൺട്രാക്ട് എടുത്ത വ്യക്തി പ്രവൃത്തി മുടക്കിയിട്ടുള്ളതിനാൽ രണ്ട് സാമ്പത്തിക വർഷം കഴിഞ്ഞിട്ടും പണി എങ്ങും എത്താതെ മുടങ്ങിക്കിടക്കുകയാണെന്ന് ചൂണ്ടികാണിച്ചിട്ടുണ്ട്. ഇതിൽനിന്നും COSTFORD നേരിട്ട് നിർവ്വഹണം നടത്തുന്നതിന് ഉദ്ദേശിച്ച് കരാർ നൽകിയിട്ടുള്ള പ്രവൃത്തി നിർവ്വഹണ ഏജൻസി സബ്കോൺട്രാക്ട് നൽകി എന്ന വസ്തുത പഞ്ചായത്തിനും അറിവുള്ളതാണെന്ന് വ്യക്തമാണ്. അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ COSTFORD ഇടനിലനിന്ന് പ്രവൃത്തി സബ്കോൺട്രാക്ട് നൽകി നടപ്പിലാക്കുന്നത് വ്യക്തമായ കരാർ ലംഘനമാണ്. കൂടാതെ കരാർ പ്രകാരം എഗ്രിമെന്റ് വെച്ച് 6 മാസത്തിനകം ഏജൻസി പണി പൂർത്തിയാക്കേണ്ടതായിരുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഈ പ്രവൃത്തി COSTFORD-നെ ഏൽപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചതും കരാർ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടും യാതൊരു നടപടികളും സ്വീകരിക്കാതിരുന്നതും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈവിധം പൊതു ഖജനാവിൽനിന്നും ചെലവഴിച്ച 16 ലക്ഷം രൂപ മുടങ്ങികിടക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരും, പഞ്ചായത്ത് ഭരണസമിതിയും ഉത്തരവാദികളാണ്. പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾക്കും അല്ലാത്തപക്ഷം ചെലവ് തുക തിരികെ ഈടാക്കുന്നതിനും വകുപ്പ് തല നടപടിക്ക് ശുപാർശ ചെയ്യുന്നതോടൊപ്പം ഈ വിഷയത്തിലേക്ക് സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

# 1-22 പി.എച്ച്.സി - പഴയ കെട്ടിട പുനരുദ്ധാരണം - പൂർത്തിയാക്കുന്നതിനുമുമ്പ് നിർമ്മാണത്തകർച്ച

| | |
|---|---|
| അടങ്കൽ | ₹873973 |
| കരാറുകാരൻ | ശ്രീ കെ.എം.യോഹന്നാൻ |
| കരാർ നം. | 17/2017-18/AE/LSGD/KDP, dt. 01.02.2018 |
| എം.ബുക്ക് | 83/17-18 |
| പാർട്ട് ബിൽ തുക | 409214 |

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പരുമല പി.എച്ച്.സി. കെട്ടിടം നവീകരിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽനിന്നും 873973 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. നവീകരണം എന്ന പേരിലാണ് പദ്ധതി ആവിഷ്കരിച്ചിരുന്നതെങ്കിലും പി.എച്ച്.സി-യുടെ നാശോന്മുഖമായ പഴയ കെട്ടിടം പൊളിച്ചു നീക്കി തൽസ്ഥാനത്ത് അലൂമിനിയം ഷീറ്റ് റൂഫിംഗോടുകൂടിയ ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ കണ്ടെത്തി.

ശ്രീ കെ.എം.യോഹന്നാൻ എന്നയാളാണ് പ്രവൃത്തിയുടെ കരാറെടുത്തിരുന്നത്. കരാറുകാരൻ 01.02.2018-ൽ കരാർ വെച്ച് പ്രവൃത്തി ആരംഭിച്ചു. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് പ്രകാരം 22.05.2018-ൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എം.ബുക്ക് പ്രകാരം കരാറുകാരൻ 703786 രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. എന്നാൽ 2018-19 വർഷാരംഭത്തിൽ പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരന് പാർട്ട് ബില്ലായി (24.05.2018-ലെ 2/18-19 നമ്പർ ട്രഷറി ബിൽ പ്രകാരം) 401030 രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ അവശേഷിച്ച പ്രതിഫല തുകയായ 300872 രൂപ 2019-20 സാമ്പത്തിക വർഷമാണ് നൽകിയിട്ടുള്ളത്. ഈ തുകയുടെ ട്രഷറി ബിൽ ഫയലിൽ ലഭ്യമല്ല. മാത്രവുമല്ല അളവ് രേഖപ്പെടുത്തിയ എം.ബുക്കിൽ ഫൈനൽ ബില്ല്/അളവുകൾ ഭാഗീകമായി മാത്രമാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. ചെക്ക് മെഷർമെന്റ് എടുത്ത അസി.എക്സി.എഞ്ചിനീയർ രേഖപ്പെടുത്തലുകൾ, ബിൽ എന്നിവ പരിശോധിച്ച് പാസ്സാക്കാതെ എപ്രകാരമാണ് കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചതെന്ന് വ്യക്തമല്ല.

ഓഡിറ്റ് ടീം സ്ഥലം സന്ദർശിച്ച് നടത്തിയ പരിശോധനയിൽ കെട്ടിടത്തിന്റെ ഉറപ്പിനെത്തന്നെ ബാധിക്കുന്ന തരത്തിൽ നിലവാരമില്ലാത്ത പ്രവൃത്തിയാണ് നടത്തിയിട്ടുള്ളതെന്ന് കണ്ടു (Sub Standard Wok). കെട്ടിടത്തിന്റെ പ്രധാന ഭിത്തിയുടെ ഒരു ഭാഗം വിള്ളൽവീണ നിലയിലാണ്. പ്രസ്തുത ഭാഗങ്ങൾ പ്ലാസ്റ്റർ ചെയ്ത് മറച്ച നിലയിലുമാണ്. ഫൗണ്ടേഷനും, ബേസ്മെന്റും ബലവത്തായി നിർമ്മിക്കാത്തതിനാൽ കെട്ടിടത്തിന്റെ ഒരു ഭാഗം താഴേയ്ക്ക് ഇരുന്നതിനാലാണ് ഭിത്തിയ്ക്ക് കേട്പാട് സംഭവിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ് (Soil deformed under the load of foundation structure and a vertical displacement occurred due to the settlement of soil). മാത്രമല്ല, എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സാധന സാമഗ്രികളല്ല പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്. ഉദാഹരണമായി എസ്റ്റിമേറ്റിൽ റൂഫിംഗിന് 0.45mm കനമുള്ള അലൂമിനിയം ഷീറ്റുകൾ ഉപയോഗിക്കുന്നതിനായിരുന്നു പ്രൊവിഷൻ നൽകിയിരുന്നത്. എന്നാൽ പരിശോധനയിൽ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷനിലുള്ള ഷീറ്റുകൾ ഉപയോഗിക്കാതിരുന്നതിനാൽ റൂഫിംഗിന്റെ ഒരു ഭാഗം കേടുപാട് സംഭവിച്ചതായും ബോധ്യപ്പെട്ടു.

ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരംപി.എച്ച്.സി-യുടെ പഴയ കെട്ടിടം soil settlement കാരണം കേടുപാട് സംഭവിച്ചതിനെ തുടർന്നാണ് കെട്ടിടം പൊളിച്ച് മാറ്റി തൽസ്ഥാനത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആയതിനാൽ മണ്ണിന്റെ ഉറപ്പ് പരിശോധിച്ച്, സൈറ്റ് കണ്ടീഷൻ അനുസരിച്ച് കെട്ടിടത്തിന്റെ ഡിസൈനും പ്ലാനും തയ്യാറാക്കേണ്ടത് പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയറുടെ ഉത്തരവാദിത്തമാണ് .





കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ



02.03.2020-ൽ സ്ഥല പരിശോധന നടത്തിയപ്പോൾ കണ്ടത്

ഇതിന് വിപരീതമായി സൈറ്റ് വെരിഫിക്കേഷൻ, ആവശ്യമായ ഇൻവെസ്റ്റിഗേഷൻ എന്നിവ നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നിർമ്മാണ പ്രവൃത്തികളിന്മേൽ വേണ്ടരീതിയിൽ മേൽനോട്ടം വഹിക്കാതിരിക്കുകയും ചെയ്ത അസി.എഞ്ചിനീയറുടെ നടപടി ഗുരുതരമായ കൃത്യവിലോപമാണ്. മാത്രമല്ല കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ഗൗരവം അർഹിക്കുന്ന അപാകതകൾ ഉണ്ടായിട്ടും നിർമ്മാണം നിർത്തിവയ്ക്കുന്നതിനോ, വിവരം മേലധികാരികളെ അറിയിച്ച് പരിഹാര നടപടികൾ കൈകൊള്ളുന്നതിനോ നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറായിട്ടില്ല. മാത്രവുമല്ല ഫയലിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുകയും ചെയ്തിട്ടില്ല (completion certificate, monitoring report, bill copy, necessary recordings in measurement book etc.). പ്രവൃത്തിയുടെ എല്ലാ ഇനങ്ങളും 22.05.2018-ൽ തന്നെ പൂർത്തിയാക്കിയതായാണ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഭൗതിക പരിശോധനാ വേളയിൽ കരാറുകാരന്റെ നേതൃത്വത്തിൽ കെട്ടിടത്തിന്റെ പെയിന്റിംഗ് ജോലികൾ നടക്കുന്നതായി കണ്ടു. ഇതിൽനിന്നും പ്രവൃത്തി പൂർത്തിയാക്കുന്നതിനു മുമ്പ്തന്നെ മെഷർമെന്റ് ബുക്കിൽ അളവ് രേഖപ്പെടുത്തി ചെക്ക് മെഷർമെന്റ് എടുക്കുകയും കരാറുകാരന് പ്രതിഫലം നൽകുകയും ചെയ്തു എന്ന് വ്യക്തമാണ്. ഇപ്രകാരം എസ്റ്റിമേറ്റിലെ എല്ലാ ഇനങ്ങളും പൂർത്തിയാക്കാതെ കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയത് ഗുരുതരമായ ക്രമക്കേടാണ്. അപാകതകളിന്മേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/04.03.2020) അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷം ഈ പ്രവൃത്തിക്ക് ചെലവഴിച്ച 409214 രൂപ തടസ്സപ്പെടുത്തുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്കിലെ തീയതികൾ തിരുത്തി

മെഷർമെന്റ് ബുക്കിലെ തീയതികളിൽ തിരുത്തൽ വരുത്തുന്നത് കർശനമായി ഒഴിവാക്കേണ്ടതാണെന്ന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ 21.08.2018-ലെ ഇ-20/6699/2018/സി.ഇ./തസ്വഭവ. നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിന് വിരുദ്ധമായി, യഥാസമയം അളവുകൾ രേഖപ്പെടുത്താതെയും, ചെക്ക് മെഷർമെന്റ് എടുക്കാതെയും പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകുന്നതിന് അനുസൃതമായി എം.ബുക്കിലെ തീയതികൾ ക്രമീകരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന പ്രവൃത്തികളുടെ മെഷർമെന്റ് ബുക്കിൽ തീയതികൾ തിരുത്തൽ വരുത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബുക്ക് നം. | പേജ് നം. | യഥാർത്ഥത്തിൽ രേഖപ്പെടുത്തിയ തീയതി | തിരുത്തിയത് | ചെക്ക് മെഷർമെന്റ് | എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ തീയതി/ പ്രതിഫലം നൽകിയ തീയതി |
|---|---|---|---|---|---|---|---|
| 1 | വാളൻപറമ്പ്പടി ചിറ്റേത്ത്പടി റോഡ് (128/19)<br>കരാറുകാരൻ - ശ്രീ അനിൽ വർഗ്ഗീസ്<br>കരാർ നം, തീ. 16/17-18/ 25.10.17<br>അടങ്കൽ - 500000<br>പ്രവൃത്തി മൂല്യം - 336577 | 232/17-18 | 1 | 07.12.17 | 17.02.18 | 17.02.18 | 30.03.18/ 10.08.18 |
| | | | 3 | 22.12.17 | 12.02.18 | 24.02.18 | |
| | | | 4 | 22.01.18 | 20.03.18 | 22.03.18 | |
| | | | 5 | 20.02.18 | 30.03.18 | 05.04.18 | |

<table>
<tr><td></td><td>ബിൽ നം./തീ. 24/18-19, 16.08.18</td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td rowspan="4">2</td><td rowspan="4">അത്തിതോട്<br>വാഴയിൽപടി റോഡ് (125/19)<br>കരാറുകാരൻ - ശ്രീ അനിൽ വർഗ്ഗീസ്<br>കരാർ നം, തീ. 15/17-18/ 25.10.17<br>അടങ്കൽ - 500000<br>പ്രവൃത്തി മൂല്യം - 337500<br>ബിൽ നം./തീ. 21/18-19, 16.08.18</td><td rowspan="4">234/17-18</td><td>1</td><td>15.11.17</td><td>15.02.18</td><td>20.02.18</td><td rowspan="4">29.03.18/<br>10.08.18</td></tr>
<tr><td>2</td><td>15.11.17</td><td>15.02.18</td><td>15.02.18</td></tr>
<tr><td>3</td><td>30.11.17</td><td>20.03.18</td><td>21.03.18</td></tr>
<tr><td>4</td><td>20.12.17</td><td>29.03.18</td><td>31.03.18</td></tr>
</table>

മേൽ പ്രവൃത്തികളുടെ അളവുകൾ യഥാസമയം ചെക്ക് മെഷർ ചെയ്യുകയും, ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ 2017-18 വർഷംതന്നെ 674077 രൂപ വിനിയോഗിക്കുന്നതിനും, അതു വഴി ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കുന്നതിനും സാധിക്കുമായിരുന്നു. എം.ബുക്കിൽ അനധികൃതമായി തിരുത്തൽ വരുത്തിയതിനും പേയ്മെന്റ് വൈകിപ്പിച്ചതിനും വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/27.02.2020) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദമായ അന്വേഷണത്തിനും വിശദീകരണത്തിനുമായി വകുപ്പ് തല നടപടിക്ക് ശുപാർശ ചെയ്യുന്നു.

## 1-24 നീർത്തട പ്രദേശത്ത് പി.എച്ച്.സി-യ്ക്ക് കെട്ടിടം - നിർമ്മാണം ലക്ഷ്യം കണ്ടില്ല

കടപ്ര പി.എച്ച്.സി-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 2012-13-ൽ ആവിഷ്കരിച്ച പദ്ധതി 2019-20 വർഷവും ലക്ഷ്യം കണ്ടിട്ടില്ല. 2012-13 മുതൽ 2016-17 വരെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം 32.23 ലക്ഷം രൂപ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രോജക്ട് നം. | | അടങ്കൽ | ഫണ്ടിനം | ചെലവ് |
|---|---|---|---|---|---|
| 2012-13 | 144/13 | പി.എച്ച്.സി, കെട്ടിടത്തിന് മണ്ണ് പരിശോധന | 100000 | ലോകബാങ്ക് ധനസഹായം | 56180 |
| 2013-14 | 10/14 | പി.എച്ച്.സി. കെട്ടിട നിർമ്മാണം | 1103600 | ലോകബാങ്ക് ധനസഹായം | 916411 |
| 2014-15 | 8/15 | പി.എച്ച്.സി. കെട്ടിട നിർമ്മാണം (SO) | 183041 | ലോകബാങ്ക് ധനസഹായം | 183041 |
| 2015-16 | 96/16 | പി.എച്ച്.സി. കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (SO) | 2279807 | ലോകബാങ്ക് ധനസഹായം | 1482677 |
| 2016-17 | 12/17 | പി.എച്ച്.സി. കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (SO) | 797130 | ലോകബാങ്ക് ധനസഹായം | 484427 |
| | | ആകെ | | | 3122736 |

പൊതു ഖജനാവിൽനിന്നും വൻ തുക മുടക്കി 2016-17 വർഷം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയെങ്കിലും കെട്ടിടം പി.എച്ച്.സി-യുടെ ഉപയോഗത്തിന് തുറന്ന് കൊടുത്തിട്ടില്ല. ഈ വിഷയത്തിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**നിയമവും, ചട്ടവും ലംഘിച്ച് കെട്ടിട നിർമ്മാണം നടത്തി**

ഓഡിറ്റ് നടത്തിയ പരിശോധനയിൽ നിയമങ്ങളും, ചട്ടങ്ങളും കാറ്റിൽ പറത്തികൊണ്ടാണ് പി.എച്ച്.സി. കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമായി. 1957-ലെ ഭൂസംരക്ഷണ നിയമവും, ചട്ടവും, 1967-ലെ ഭൂവിനിയോഗ ഉത്തരവും, 2008-ലെ കേരള നെൽവയൽ, നീർത്തട സംരക്ഷണ നിയമവും, ചട്ടങ്ങളും, 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് നീർത്തട പ്രദേശത്താണ് നിർമ്മാണം നടത്തിയിട്ടുള്ളത്. 2018-ലെ പ്രളയത്തിൽ ഈ പ്രദേശം പൂർണ്ണമായും വെള്ളത്തിനടിയിലായിട്ടുള്ളതാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 4 ചട്ടം 26 പ്രകാരം വെള്ളപോക്കത്തിന് സാധ്യതയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മാണം അനുവദനീയമല്ല. യാതൊരു കാരണവശാലും കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിന് സാധ്യതയില്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുകയും കെട്ടിട നമ്പർ നൽകി നിർമ്മാണം ക്രമവൽക്കരിക്കുകയും ചെയ്തത് വ്യക്തമായ നിയമ ലംഘനമാണ്.

മഴക്കാലത്ത് വെള്ളം കയറുന്ന പ്രദേശത്ത് ഫില്ലിംഗ് നടത്തി സ്ഥലം നിരപ്പാക്കാതെ പില്ലറിലും, കോളത്തിലുമാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ഇത് കെട്ടിട നിർമ്മാണച്ചെലവ് ഇരട്ടിയാകുന്നതിന് ഇടയാക്കിയിട്ടുണ്ട്. സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന സൗകര്യം ഒരുക്കുന്നതിനും കെട്ടിടത്തിന്റെ പരിസരത്ത് സ്ഥലം ഇല്ല. നിലവിൽ സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിരിക്കുന്നത് അതിന് തീർത്തും അനുയോജ്യമല്ലാത്ത വെള്ളം കയറുന്ന സ്ഥലത്താണ്. ചുരുക്കത്തിൽ ഒരു ആശുപത്രി നിർമ്മിക്കുന്നതിന് അനുയോജ്യമല്ലാത്ത സ്ഥലത്ത് വൻതുക മുടക്കി കെട്ടിടം നിർമ്മിച്ചത് വേണ്ടത്ര ആലോചനയും പഠനവുമില്ലാതെയാണെന്ന് വ്യക്തമാണ്. ഘടക സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുമ്പോൾ സ്ഥലത്തിന്റെ അനുയോജ്യത ബന്ധപ്പെട്ട വകുപ്പ് അധികൃതർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം അനുയോജ്യതാ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ഇവിടെ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്.

**നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ഉപയോഗിക്കുന്നില്ല; പി.എച്ച്.സി. പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിൽ**

പി.എച്ച്.സി. നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ആശുപത്രി പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. സ്ഥല പരിമിതിയിൽ വീർപ്പുമുട്ടിയാണ് പി.എച്ച്.സി-യുടെ പ്രവർത്തനം മുന്നോട്ട് പോകുന്നത്. നൂറിൽപരം രോഗികൾ ദിനംപ്രതി ചികിത്സയ്ക്ക് എത്തുന്ന ആശുപത്രിയ്ക്കാണ് ഈ ഗതികേട്. ഒരു സന്നദ്ധ സംഘടന പി.എച്ച്.സി-യ്ക്ക് സൗജന്യമായി നൽകിയ ഇ.സി.ജി. മെഷിൻ ഉൾപ്പടെയുള്ള മെഡിക്കൽ ഉപകരണങ്ങൾ സ്ഥല സൗകര്യം ഇല്ലാത്തതിനാൽ ഉപയോഗിക്കാനാവാതെ സൂക്ഷിച്ചിരിക്കുകയാണ്. പി.എച്ച്.സി-യുടെ അവസ്ഥ പരിതാപകരമായ അവസ്ഥയിലാണെങ്കിലും സ്ഥാപനത്തിനായി 2016-17 വർഷം ഫൈനൽ ബിൽ നൽകി പണിപൂർത്തിയാക്കിയ കെട്ടിടം ഉപയോഗത്തിന് തുറന്നുകൊടുക്കാതെ അടച്ചിട്ടിരിക്കുകയാണ്. ഇവിടേയ്ക്കുള്ള അപ്രോച്ച് റോഡ് തകർന്ന് കിടക്കുന്നു. കൂടാതെ കെട്ടിടം നിർമ്മിച്ചിട്ടുള്ളതല്ലാതെ കെട്ടിടത്തിന്റെ പരിസരം ഫില്ലിംഗ് നടത്തി നിരപ്പാക്കുകയോ, ഉപയോഗയോഗ്യമാക്കുകയോ ചെയ്തിട്ടില്ല. കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ തുടർപദ്ധതികൾ ഏറ്റെടുക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പൊതു ഖജനാവിൽനിന്നും നടത്തിയ 31 ലക്ഷത്തിൽപരം രൂപയുടെ ചെലവ് ഇക്കാരണത്താൽ നിഷ്ഫലമായ അവസ്ഥയിലാണ്. മേൽ അപാകതകളിന്മേൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (33/03.03.2020) മറുപടി ലഭ്യമാക്കിയില്ല.

വൻതുക മുടക്കി കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ അസൗകര്യങ്ങളുടെ നടുവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി. ഇവിടേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ നിയമവും, ചട്ടവും പാലിക്കാതെ കെട്ടിട നിർമ്മാണം ഏറ്റെടുത്തത് സംബന്ധിച്ച് വകുപ്പുതലത്തിൽ ആവശ്യമായ പരിശോധന നടത്തി ഉത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-25 മരാമത്ത് പ്രവൃത്തികൾകളുടെ ബിൽ -യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച

2017-18 സാമ്പത്തിക വർഷം നിർമ്മാണം പൂർത്തിയാക്കിയ ഏതാനും പ്രവൃത്തികളുടെ അളവുകൾ ചെക്ക് മെഷെർ ചെയ്യുന്നതിലും, ബിൽ തയ്യാറാക്കി ട്രഷറി സമർപ്പിക്കുന്നതിലും വീഴ്ച സംഭവിച്ചു. യഥാസമയം ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാതിരുന്നതിനാൽ തൻവർഷം ചെലവഴിക്കാമായിരുന്ന 890479 രൂപ വിനിയോഗിക്കാൻ സാധിക്കാതെ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബുക്ക് നം. | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ചെലവ് വിവരം | പ്രവൃത്തി മൂല്യം |
|---|---|---|---|---|---|
| 1 | കോണ്ടൂർ പാലം റോഡ് കോൺക്രീറ്റിംഗ് (102/19)<br>അടങ്കൽ - 175000 | 152/17-18 | 14.03.18 | 8/2018-19<br>24.05.18 | 174934 |
| 2 | മഹാത്മജി വായനശാല കെട്ടിട മെയിന്റനൻസ് (108/19) | 80/17-18 | 18.02.18 | 6/2018-19<br>24.05.18 | 80864 |
| 3 | തേവേരി പി.എച്ച്. സബ്സെന്റർ മെയിന്റനൻസ് (95/19) | 81/17-18 | 08.03.18 | 28.03.19-ൽ ബിൽ സമർപ്പിച്ചു. ബിൽ ക്യൂവിലായി | 259817 |
| 4 | അരയൻപറമ്പ് കന്യാത്രപ്പടി റോഡ് പുനരുദ്ധാരണം (113/19) | 94/17-18 | 20.03.18 | 5/2018-19<br>24.05.18 | 374864 |
| | ആകെ | | | | 890479 |

തേവേരി പി.എച്ച്. സബ്സെന്റർ മെയിന്റനൻസ് എന്ന പ്രോജക്ട് 08.03.18-ൽ പൂർത്തിയായെങ്കിലും പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക തൻവർഷം നൽകിയില്ലെന്ന് മാത്രമല്ല 2018-19 സാമ്പത്തിക വർഷവും ബിൽ തുക നൽകാതെ സ്പിൽ ഓവർ ആകുകയാണുണ്ടായത്.

നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം പഞ്ചായത്തിന്റെ വികസനത്തിന് സർക്കാർ അനുവദിച്ച ഫണ്ട് വിനിയോഗിക്കാനാവാതെ ലാപ്സായത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം യഥാവിധി മോണിട്ടർ ചെയ്യാതിരിക്കുന്നതാണ് ഇത്തരം വീഴ്ചയ്ക്ക് കാരണം. ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കുന്നതിനായി പദ്ധതി മോണിട്ടറിംഗ് ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ആയുർവേദാശുപത്രി നവീകരണം - കരാറുകാരന് പ്രതിഫലം നൽകിയില്ല

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 83/18 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 300000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ

പ്രവൃത്തി തൻവർഷം നടപ്പിലാക്കിയില്ല. തുടർന്ന് 2018-19-ലെ വാർഷിക പദ്ധതിയിൽ ഈ പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല. 2019-20 വർഷം ഈ പദ്ധതി ഓഡിറ്റ് കാലയളവ് വരെ ഏറ്റെടുത്തിട്ടുമില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/25.02.2020) ലഭ്യമാക്കിയ മറുപടിയിൽ 2018-19-ൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ചതായും, സ്പിൽ ഓവറിൽ ഉൾപ്പെടുത്താത്തതിനാൽ ബിൽ തുക നൽകിയിട്ടില്ലെന്നും വ്യക്തമാക്കി. വർക്ക് ഫയൽ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും അസി.എഞ്ചിനീയർ ആയത് പരിശോധനയക്ക് ഹാജരാക്കിയില്ല. പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകാതെ വാർഷിക പദ്ധതിയിൽ വകയിരുത്തിയ മെയിന്റനൻസ് ഫണ്ട് ലാപ്സാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(7) പ്രകാരം പണി പൂർത്തിയാക്കി ഒരാഴ്ചയ്ക്കകം പണികളുടെ അളവ് എടുക്കലും, ചെക്ക് മെഷർമെന്റ് നടത്തലും പൂർത്തിയാക്കേണ്ടതും, അതിനുശേഷം രണ്ടാഴ്ചയ്ക്കകം പണിയുടെ ഫൈനൽ ബിൽ നൽകേണ്ടതുമാണ്. ഈ പ്രവൃത്തിയുടെ നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിലും, പൂർത്തിയാക്കിയ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി ചട്ടം അനുശാസിക്കും പ്രകാരം കരാറുകാരന് പ്രതിഫലത്തുക നൽകുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥ വീഴ്ച വരുത്തി. അപാകത പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും, ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 1-27 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. <u>സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നില്ല</u>**

ഓഡിറ്റ് കാലയളവിൽ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിച്ച സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഭദ്രമായി സൂക്ഷിക്കുന്നതിന് പകരം പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിരുന്നതായി പരിശോധനയിൽകാണാൻ കഴിഞ്ഞു. കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്നതും, പലിശ കിട്ടുന്നതുമായ സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ചു നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഖ-15.6.1) എന്നാൽ സ്ഥാപനത്തിൽ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായിരുന്നു. സെക്യൂരിറ്റികൾ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാലും, ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും സ്ഥാപനം കൈപ്പറ്റിയതും, തിരിച്ചു നൽകിയതുമായ സെക്യൂരിറ്റികളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

**2. <u>രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തി</u>**

ജനകീയാസൂത്രണ പദ്ധതിയിലെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖപ്രകാരം (ജി.ഒ.(പി)നം.177/2006/ഫിൻ, തീ. 12.04.06) നിർവ്വഹണ ഉദ്യോഗസ്ഥർ TR7-A ക്യാഷ് ബുക്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ഫണ്ടിന്റെ വരവു ചെലവ് വിവരം രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയർ നിശ്ചിത മാതൃകയിലുള്ള (TR7-A) ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് രജിസ്റ്റർ, വർക്ക് ബിൽ രജിസ്റ്റർ, എം.ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ ഫോറം സ്റ്റോക്ക്/വില്പന രജിസ്റ്റർ, പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ മുതലായവയും എഴുതി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ഈടാക്കിയ നിരത ദ്രവ്യം, തുക ഈടാക്കിയതിന്റെ രശീതി നമ്പർ, ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം, ടെണ്ടർ തുറക്കുമ്പോൾ സന്നിഹിതരായ കരാറുകാരുടെ ഒപ്പ് മുതലായവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. അതുപോലെതന്നെ എഗ്രിമെന്റ് രജിസ്റ്ററിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (പി.എ.സി., സെക്യൂരിറ്റി തുക, കരാർ ഒപ്പിട്ട തീയതി, പൂർത്തീകരണ തീയതി മുതലായവ).

**3. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല**

1. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേരും ഫോൺ നമ്പറും അടങ്കൽ തുക പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രോജക്ട് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, ഡിസ് പ്ലേ ബോർഡിന് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഉള്ള നിർദ്ദേശം പാലിച്ചിട്ടില്ല.
2. ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ളതും, ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലുള്ളതുമായ മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
3. കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനുള്ള പ്രോവിഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല.
4. മെയിന്റനൻസ് ഫണ്ട് വകയിരുത്തി ആവിഷ്കരിക്കുന്ന പ്രോജക്ടുകളിൽ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്ന ആസ്തിയുടെ യുണീക് നമ്പർ രേഖപ്പെടുത്തുന്നില്ല.
5. റോഡ് പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റുകളിൽ റോഡ് ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.
6. ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിൽവരുന്ന എല്ലാ റോഡുകളെയും ചേർത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും, കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

**4. <u>ഫയലിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല</u>**

മിക്ക മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിലും കരാർ ലഭിച്ച കോൺട്രാക്ടർമാർക്കുള്ള സെലക്ഷൻ നോട്ടീസ്, വർക്ക് ഓർഡർ, സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ എന്നിവ സൂക്ഷിക്കുന്നില്ല. മരാമത്ത് പ്രവൃത്തിയുടെ കാര്യത്തിൽ എഞ്ചിനീയർ ഹാജരാക്കുന്ന കംപ്ലീഷൻ സർട്ടിഫിക്കറ്റും, പ്രവൃത്തിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഒഴിച്ചു കൂടാനാവാത്തതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 ആവിഷ്കരിച്ച പദ്ധതികൾ നടപ്പാക്കാതിരുന്നതിനാൽ ഫണ്ട് ലാപ്സായി

ഗ്രാമപഞ്ചായത്തിൽ 2018-19-ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി സേവനമേഖലയിൽ 11 പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നടപ്പാക്കാതിരുന്നതിനാൽ വകയിരുത്തിയ വികസനഫണ്ട് ലാപ്സായി. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ വികസനഫണ്ട് |
|---|---|---|---|
| 1 | 54/18-19 | കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകൽ (അരിമാവ് നിർമ്മാണ യൂണിറ്റ്) | 100000 |
| 2 | 71/18-19 | കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകൽ (ഗാർമെന്റ്സ് യൂണിറ്റ്) | 200000 |
| 3 | 72/18-19 | കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകൽ (കറി പൗഡർ യൂണിറ്റ്) | 100000 |
| 4 | 74/19 | എസ്.സി, വീടിന് മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ | 300000 |
| 5 | 75/18-19 | കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകൽ (അരിമാവ് നിർമ്മാണ യൂണിറ്റ് എസ്.സി) | 100000 |
| 6 | 77/18-19 | കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം | 200000 |

| | | | |
|---|---|---|---|
| | | നൽകൽ (കറി പൗഡർ യൂണിറ്റ് എസ്.സി) | |
| 7 | 78/18-19 | കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകൽ (വാദ്യോപകരണ യൂണിറ്റ്) | 150000 |
| 8 | 80/18-19 | കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകൽ – വാദ്യോപകരണ യൂണിറ്റ് (എസ്.സി) | 250000 |
| 9 | 81/19 | കേരളാ ചിക്കൻ യൂണിറ്റ് – എസ്.സി വനിത | 200000 |
| 10 | 82/19 | ലോൺട്രി യൂണിറ്റ് – എസ്.സി വനിത | 300000 |
| 11 | 165/19 | വീടുകൾക്ക് ടോയ്ലറ്റ് പുനരുദ്ധാരണം | 237500 |

മേൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പാക്കാതിരുന്നതിന് കാരണം അന്വേഷിച്ചുകൊണ്ട് 29.02.2020-ൽ നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത സംരംഭങ്ങൾ നടത്തുന്ന കുടുംബശ്രീ ഗ്രൂപ്പുകൾ ഇല്ലാത്തതിനാലാണ് പദ്ധതികൾ നടപ്പാക്കാതിരുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. സംരംഭങ്ങൾ നടത്തുന്ന ഗ്രൂപ്പുകളെ തെരഞ്ഞെടുത്തതിനു ശേഷമാണ് ഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കേണ്ടതും അംഗീകാരം വാങ്ങേണ്ടതും പദ്ധതി ആസൂത്രണത്തിലെ നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് പഞ്ചായത്തിന് ലഭിച്ച വികസനഫണ്ട് ലാപ്സാകുന്നതിനു കാരണമായി. പദ്ധതി ആസൂത്രണം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# 1-29 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും ആവർത്തിച്ച് ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ട്രഷറി ബിൽ നം., തീ. |
|---|---|---|---|---|
| 1. | 115/19 | പൊതുകിണർ പുനരുദ്ധാരണം | 100000 | 5/18-19, 23.05.18 |
| 2. | 120/19 | മലയിൽതോപ്പിൽ കോളനി റോഡ് റീടാറിംഗ് | 226935 | 18/18-19, 26.06.18 |
| 3. | 121/19 | മരങ്ങാട്ടുപറമ്പിൽ എസ്.സി.കോളനി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | 289715 | 26/18-19, 12.10.18 |
| 4. | 137/19 | കിഴക്കേപറമ്പിൽ - പനങ്ങോട്ടുപടി റോഡ് റീടാറിംഗ് | 369719 | 20/18-19, 06.09.18 |
| 5. | 139/19 | കടപ്ര പഞ്ചായത്ത് ഓഫീസ് നവീകരണം | 1799999 | 29/18-19, 30.11.18 |
| | | ആകെ | 2786368 | |

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ട പ്രകാരം 03.03.2020-ൽ ഓഡിറ്റ് റിക്വിസിഷനും, 06.03.2020-ൽ ഫയലുകളുമായി നേരിൽ ഹാജരാകുന്നതിന് സമൺസും നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കുകയുണ്ടായില്ല. തുടർന്ന് 16.03.2020-ൽ കാരണം കാണിക്കൽ നോട്ടീസും നൽകിയിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസിനോടും നിർവ്വഹണ ഉദ്യോഗസ്ഥ പ്രതികരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് (2786368 രൂപ) തടസ്സപ്പെടുത്തുന്നു.

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ഓഡിറ്റിന് ആവശ്യമായ രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ചവരുത്തിയാൽ അപ്രകാരമുള്ള രേഖകളോ, കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. മേൽ

വിവരിച്ച പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത പ്രവൃത്തികൾക്ക് ചെലവഴിച്ച തുക നിരാകരിച്ച് സർചാർജ്ജ് നടപടികൾക്ക് വിധേയമാക്കുന്നതാണ്.

## 1-30 ലൈഫ് മിഷൻപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി. 2018-19 സാമ്പത്തിക വർഷം ജനറൽ വിഭാഗത്തിൽ 47-ഉം പട്ടികജാതി വിഭാഗത്തിൽ 6-ഉം ഉൾപ്പെടെ ആകെ 53 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. പദ്ധതി ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവഴിച്ച തുക | |
|---|---|---|
| | ജനറൽ | എസ്.സി.പി |
| വികസനഫണ്ട് (സാധാരണ വിഹിതം) | 2800000 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1600000 |
| ജില്ലാ പഞ്ചായത്ത് | 1900000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 1051000 | 0 |
| കെ.യു.ആർ.ഡി.എഫ്.സി. ലോൺ | 5189000 | 400000 |
| ആകെ | 10940000 | 2000000 |

പദ്ധതിയിലുൾപ്പെടുത്തിയ ഗുണഭോക്താക്കളിൽ 45 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് എല്ലാ ഗഡുക്കളും കൈപ്പറ്റിയിട്ടുണ്ട്. എട്ട് പേർ പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വിഭാഗം | നൽകിയ തുക | കരാറിൽ ഏർപ്പെട്ട തീയതി |
|---|---|---|---|---|
| 1 | ശ്രീമതി ഓമന, കോട്ടക്കമാലി, പരുമല | ജനറൽ | 200000 | 14.08.18 |
| 2 | ശ്രീമതി ഗീതാകുമാരി, തെന്നശ്ശേരി | ജനറൽ | 360000 | 20.07.18 |
| 3 | ശ്രീമതി സൂസമ്മ, കരിശ്ശുംമൂട്ടിൽ | ജനറൽ | 40000 | 26.07.18 |
| 4 | ശ്രീമതി സിന്ധു, കൊച്ചുവീട്ടിൽ | ജനറൽ | 40000 | 04.07.18 |
| 5 | ശ്രീമതി എൽസി തോമസ്, തോപ്പിൽ വീട് | ജനറൽ | 200000 | 10.10.18 |
| 6 | ശ്രീമതി ലക്ഷ്മി സദാശിവൻ, മണക്കാട്ട് മഠം, പരുമല | ജനറൽ | 40000 | 08.03.19 |
| 7 | ശ്രീമതി ലതാ ഗോപാലകൃഷ്ണൻ, പന്തപ്ലാംതെക്കേതിൽ | ജനറൽ | 200000 | 08.06.18 |
| 8 | ശ്രീമതി മായ അനീഷ്, കന്യാത്തറയിൽ | എസ്.സി | 360000 | 08.08.18 |

മേൽ സൂചിപ്പിച്ചവരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-31 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് – അർഹമായ നിരക്കിൽ നൽകിയില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി.എൽ./ബി.പി.എൽ. എന്ന വേർതിരിവില്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണെന്നും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ ആവശ്യത്തിന് സംയുക്തമായോ, ഒറ്റയ്ക്കോ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 250000രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 125000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 200000 രൂപയും ഉൾപ്പടെ ആകെ 575000 രൂപ അടങ്കൽ വകയിരുത്തി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രോജക്ടിൽ (3/19) വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ പ്രോജക്ടിൽ മതിയായ തുക വകയിരുത്താതിരുന്നതിനാൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 100% ആനുകൂല്യം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്റ്റാൻഡേർഡിനെ അടിസ്ഥാനപ്പെടുത്തി കുറഞ്ഞത് 5300 മുതൽ 28500 രൂപ വരെ ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 20800 രൂപ നിരക്കിൽ മാത്രമാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളത്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം എന്ന നിലയിൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 നിലവിലില്ലാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുത ചാർജ്ജ് - പ്രതിവർഷ നഷ്ടം 4.59 ലക്ഷം

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടപ്പിലാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ ഫിക്സഡ് താരിഫ് ഇനത്തിൽ പ്രതിമാസം 83888 രൂപ നിരക്കിലാണ് വൈദ്യുതി ചാർജ് ഒടുക്കുന്നത്. കടപ്ര കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ ചാർജ്ജ് പട്ടിക പ്രകാരം കെ.എസ്.ഇ.ബി. ഈടാക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ തരം | വാട്ട് | എണ്ണം | താരിഫ് നിരക്ക് | പ്രതിമാസ വൈദ്യുത ചാർജ് |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 524 | 73 | 38252 |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 225 | 73 | 16425 |
| ഫ്ലൂറസെന്റ് ട്യൂബ് | 80 | 128 | 147 | 18816 |
| സി.എഫ്.എൽ. ഓട്ടോമാറ്റിക് | | 297 | 35 | 10395 |
| ആകെ | | | | 83888 |

പഞ്ചായത്തിൽ വർഷങ്ങളായി ഓർഡിനറി ബൾബുകൾ തെരുവ് വിളക്കിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്നില്ല. നിലവിലില്ലാത്ത 524 ഓർഡിനറി ബൾബുകൾക്കാണ് വർഷങ്ങളായി പഞ്ചായത്ത് താരിഫ് ഒടുക്കുന്നത്. ഓഡിറ്റ് വർഷം മാത്രം ഈ ഇനത്തിൽ 459024 രൂപയാണ് പഞ്ചായത്ത് കെ.എസ്.ഇ.ബി-യ്ക്ക് അനർഹമായി നൽകിയത്.

തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/2019/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, അവയിൽ പ്രവർത്തനക്ഷമമല്ലാത്തവ എന്നിവ കണ്ടുപിടിക്കുന്നതിനായി സംയുക്ത

പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ/ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതനുസരിച്ച് കെ.എസ്.ഇ.ബി വിവരങ്ങൾ നൽകണം. ആയതിനാൽ സംയുക്ത പരിശോധന നടത്തി ഓരോ ഡിവിഷനിലുമുള്ള പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ നിജപ്പെടുത്തേണ്ടതാണ്.

ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രമാണ് തുക ചെലവഴിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അടിയന്തിരമായി നടപ്പാക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-33 സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വെള്ളക്കരം ഒടുക്കുന്നു

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തനച്ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെയാണ് പഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നത്. 251 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 109813 രൂപയാണ് പ്രതിമാസം ഒടുക്ക് വരുത്തുന്നത്. 13.18 ലക്ഷം രൂപയാണ് ഈ ഇനത്തിലുള്ള പ്രതിവർഷ ചെലവ്. എന്നാൽ ഇതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. സംയുക്തപരിശോധന നടത്തി ജല ലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നത് ന്യായീകരിക്കാവുന്നതല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി **സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ., തീയതി 30-5-2009** പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ അനുസരിച്ച് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനു ശേഷം സംയുക്ത പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല.

സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗാർഹിക കണക്ഷൻ എടുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും, ഒരു പ്രദേശത്തെ അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും സഹായം വിതരണം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കുന്ന കാര്യം പരിഗണിക്കേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-34 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. വളരെ പരിമിതമായ സൗകര്യങ്ങളിലാണ് പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്.

**1. പ്രാഥമികാരോഗ്യകേന്ദ്രം**

കടപ്ര പ്രാഥമികാരോഗ്യകേന്ദ്രം 2013 വർഷം മുതൽ തിക്കപ്പുഴയിലുള്ള ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രാഥമീകാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ നാല് സബ് സെന്ററുകൾ പ്രവർത്തിക്കുന്നു. പഞ്ചായത്ത് പ്രദേശത്തുള്ള ഉദ്ദേശം ഇരുപത്തിമൂവായിരത്തിൽപ്പരം ജനങ്ങൾക്ക് പ്രാഥമീകാരോഗ്യ കേന്ദ്രത്തിന്റെ

സേവനം ലഭ്യമാവുന്നു. പ്രതിദിനം ശരാശരി 100 പേർ OP-യിൽ ചികിത്സ തേടുന്നു. IPHS (Indian Public Health Standards Guideline) മാർഗ്ഗരേഖ പ്രകാരമുള്ള യാതൊരുവിധ സൗകര്യങ്ങളും ഇല്ലാത്ത ഒരു കെട്ടിടത്തിലാണ് നിലവിൽ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത്. കെട്ടിടം വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തതും, വൃത്തിഹീനവുമാണ്. ഇവിടെ രോഗികൾക്കുള്ള കാത്തിരിപ്പ് കേന്ദ്രമോ, ടോയ്‌ലറ്റ് സൗകര്യമോ ഇല്ല. മതിയായ സ്ഥലസൗകര്യത്തിന്റെ അഭാവത്തിൽ മരുന്ന് സ്റ്റോർ, ഫാർമസി, ഓഫീസ് എന്നിവ ഒരു മുറിയിലാണ് പ്രവർത്തിക്കുന്നത്. കൺസൾട്ടിംഗ് റൂം, നഴ്സസ് റൂം, ഇൻജക്ഷൻ റൂം എന്നിവയും പരിമിതമായ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. പ്രാഥമീക ആരോഗ്യകേന്ദ്രത്തിനോട് ചേർന്ന് പ്രവർത്തിക്കുന്ന സബ്‌സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർക്ക് അവരുടെ ചുമതല നിർവ്വഹിക്കുന്നതിനോ, രേഖകൾ സൂക്ഷിക്കുന്നതിനോ കെട്ടിടത്തിൽ സൗകര്യമില്ല. സ്ഥലപരിമിതി മൂലം വീർപ്പുമുട്ടുന്ന ഈ കെട്ടിടത്തിൽതന്നെയാണ് പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിക്കുന്നത്.



മെഡിസിൻ സ്റ്റോർ-കം-ഫാർമസി-കം-ഓഫീസ് റൂം

പണിപൂർത്തിയാക്കിയ പുതിയ കെട്ടിടത്തിലേക്ക് പ്രാഥമികാരോഗ്യകേന്ദ്രം മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് സത്വ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ 2018-ലെ പ്രളയത്തിൽ തകർന്ന വളഞ്ഞവട്ടം, സൈക്കിൾമുക്ക്, ആലുംതുരുത്തി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സബ്‌സെന്ററുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**2. അങ്കണവാടികൾ**

ഗ്രാമപഞ്ചായത്തു പരിധിയിൽ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 10 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 14 അങ്കണവാടികൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 3 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. 4 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

**3. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂമുകൾ ഇല്ല**

സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും സ്മാർട്ട്ക്ലാസ്സ് റൂം ഒരുക്കുന്നതിന്റെ ഭാഗമായി 18.10.12-ൽ സർക്കാർ ITS/2012/10/1400(4)-ാം നമ്പരായി വിവര ശേഖരണം നടത്തിയിരുന്നു. കടപ്ര ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ കടപ്ര ഗവ: യു.പി സ്കൂൾ, കടപ്ര ഗവ: എൽ.പി സ്കൂൾ, പരുമല ഗവ: എൽ.പി സ്കൂൾ എന്നീ 3 സർക്കാർ സ്കൂളുകളിലും ഒരു സ്മാർട്ട് ക്ലാസ്സ്റൂം പോലും ഇല്ല. ആധുനിക രീതിയിലുള്ള പഠന സൗകര്യങ്ങൾ പ്രദേശത്തെ സാധാരണക്കാരായ കുട്ടികൾക്ക് ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് താല്പര്യം കാട്ടുന്നില്ല. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, സ്മാർട്ട് ക്ലാസ്സ്റൂമുകൾ സ്ഥാപിച്ച് അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

**4. കൃഷിഭവൻ**

കടപ്ര കൃഷിഭവന് സ്വന്തമായി കെട്ടിടം ഇല്ല. ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകൾനിലയിലുള്ള പഴയ മുറിയിലാണ് കൃഷിഭവൻ നിലവിൽ പ്രവർത്തിക്കുന്നത്. ഈ മുറിയുടെ അവസ്ഥ വളരെ ശോചനീയമാണ്. അടച്ചുറപ്പില്ലാത്ത അലമാരകളിലാണ് ഫയലുകൾ സൂക്ഷിക്കുന്നത്. സ്ഥലസൗകര്യം വളരെ കുറവായതിനാൽ പ്രാധാന്യമർഹിക്കുന്ന ഫയലുകൾ പലതും മറിയുടെ ഒരറ്റത്ത് കൂട്ടിയിട്ടിരിക്കുകയാണ്. കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ശേഖരിക്കുന്ന നടീൽ വസ്തുക്കളും മറ്റ് ഉല്പാദനോപാധികളും സൂക്ഷിക്കുന്നതിന് സ്ഥലസൗകര്യം ഇല്ല. കൃഷിഭവൻ കെട്ടിടത്തിലെ വയറിംഗ് കാലഹരണപ്പെട്ടതാണ്. നിലവിലുള്ള കെട്ടിട സൗകര്യം കൃഷിഭവന്റെ സുഗമമായ പ്രവർത്തനത്തിന് തീർത്തും ഉതകുന്നതല്ല. കൃഷിഭവിന് പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

# 1-35 അനുപൂരക പോഷകാഹാരം- കേന്ദ്രവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ അനുപൂരകപോഷകാഹാര പദ്ധതിയുടെ ഭാഗമായി അനുവദിച്ചിട്ടുള്ള കേന്ദ്രവിഹിതം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്നു. മാന്നാർ സബ് ട്രഷറിയിലുള്ള TSB അക്കൗണ്ടിലെ (707071400000001) 31.03.19-ലെ ഈ ഇനത്തിലെ നീക്കിയിരിപ്പ് 1045988 രൂപയാണ്. 2018-19 വർഷം പദ്ധതിക്കായി വകയിരുത്തിയ കേന്ദ്രവിഹിതം ചെലവഴിക്കാതെ വികസനഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്ന കേന്ദ്രവിഹിതം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ചെലവഴിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-36 വാഴഗ്രാമം പദ്ധതി - നിർവഹണത്തിൽ അപാകത

2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വാഴഗ്രാമം വനിത, ജനറൽ എന്നീ രണ്ട് പദ്ധതികളുടെ നിർവഹണത്തിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വാഴഗ്രാമം (വനിത) എന്ന പദ്ധതിയിലുൾപ്പെടുത്തി വാഴവിത്ത്, വളം എന്നിവ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിന് 250000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിനായി കുടുംബശ്രീ ഗ്രൂപ്പുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.
2. പദ്ധതിയുടെ ഭാഗമായി കടപ്ര സർവീസ് സഹകരണ സംഘത്തിൽ നിന്നും വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വിതരണം ചെയ്ത വളം (kg) | നൽകിയ തുക | ട്രഷറി ബിൽ നം., തീ. |
|---|---|---|---|---|---|
| 1 | 19/19 | വാഴഗ്രാമം പദ്ധതി (വനിത) | വേപ്പിൻ പിണ്ണാക്ക്- 4062<br>എല്ലുപൊടി- 4167 | 210000 | 1/18-19 24.02.19 |
| 2 | 17/19 | വാഴഗ്രാമം പദ്ധതി (ജനറൽ) | വേപ്പിൻ പിണ്ണാക്ക്- 3438<br>എല്ലുപൊടി- 3162 | 168000 | 2/18-19 24.02.19 |

പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് സർവ്വീസ് സഹകരണ ബാങ്കിൽനിന്നും വളം വാങ്ങുന്നതിന് കൃഷി ഓഫീസർ പെർമിറ്റ് നൽകിയിട്ടില്ല. കൂടാതെ സഹകരണ ബാങ്കിൽനിന്നും ഓരോ ഗുണഭോക്താവിനും വിതരണം ചെയ്ത വളത്തിന്റെ അളവ് രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവ്

(കൈ.)നം.22/2018/തസ്വഭവ, തീയതി 14.02.18 പ്രകാരം വ്യക്തികൾ കൃഷിക്കുള്ള ഉല്പാദനോപാധികൾ നേരിട്ട് വാങ്ങുന്ന സംഗതിയിൽ അവർ ഹാജരാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് നൽകേണ്ടത്. കൃഷി ഓഫീസർ വളം വാങ്ങി വിതരണം ചെയ്യുന്ന സംഗതികളിൽ ഗുണഭോക്തൃവിഹിതം ഈടാക്കി വളം വിതരണം ചെയ്യേണ്ടതാണ്. എന്നാൽ വാഴഗ്രാമം പദ്ധതിയിൽ ഫണ്ട് പൂർണ്ണമായും സർവ്വീസ് സഹകരണ ബാങ്കിന് കൈമാറിയത് ക്രമവിരുദ്ധമായ നടപടിയാണ്. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 378000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 പ്രാഥമികാരോഗ്യകേന്ദ്രത്തിനു മരുന്നു വാങ്ങൽ - മരുന്ന് ലഭിച്ചില്ല

2018-19 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രാഥമികാരോഗ്യകേന്ദ്രത്തിനു മരുന്നു വാങ്ങൽ, പാലിയേറ്റീവ് കെയർ എന്നീ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 400000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ലെന്ന് 27.02.2020-ലെ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | നൽകിയ തുക | ബിൽനമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|---|
| 86/19 | PHC-ക്ക് മരുന്നു വാങ്ങൽ | വികസന ഫണ്ട് | 55000 | 4/18-19/19.02.19 |
| | | ജനറൽ പർപ്പസ് ഫണ്ട് | 145000 | 0972408/168.03.19 |
| 10/19 | പാലിയേറ്റീവ് കെയർ പദ്ധതി | ജില്ലാ പഞ്ചായത്ത് വിഹിതം | 200000 | 2623445/28.03.19 |

മേൽ പറഞ്ഞത് കൂടാതെ 2017-18 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി (പ്രോ.നം.123/18) മരുന്നും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 898239 രൂപ നൽകിയിരുന്നു. ടി തുകയ്ക്കുള്ള മരുന്നും, മെഡിക്കൽ ഉപകരണങ്ങളും ലഭിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-38 ആയുർവേദാശുപത്രിക്ക് ഫർണിച്ചറും വാട്ടർ പ്യൂരിഫയറും വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.89 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 25000 രൂപ വകയിരുത്തി ആയുർവേദാശുപത്രിക്ക് ഫർണിച്ചറും, വാട്ടർ പ്യൂരിഫയറും വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 12000 രൂപ ചെലവഴിച്ച് സ്റ്റീൽ അലമാരയും, കമ്പ്യൂട്ടർ ടേബിളും, 13000 രൂപ ചെലവഴിച്ച് വാട്ടർ പ്യൂരിഫയറും വാങ്ങി. ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ ലഭിച്ച ക്വട്ടേഷനുകൾ പഞ്ചായത്തിൽ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ, പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. പ്രോക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയത് ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 സമ്പൂർണ്ണ ശുചിത്വ പദ്ധതി അക്കൗണ്ടിൽ (TSC) അവശേഷിച്ച തുക തിരികെ ഒടുക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളിലെ നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ട്രഷറിയിൽ 2515-00-911-99-ROP എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ ഒടുക്കണമെന്ന് ഗ്രാമവികസന

കമ്മീഷണറുടെ 09.04.19-ലെ 1557(4)/ഐ.എ.(1)/2018/സി.ആർ.ഡി. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ഭാഗമായി ലഭിച്ച ഫണ്ടിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള വളഞ്ഞവട്ടം ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിൽ (A/c.No.63801000009867) അവശേഷിച്ചിരുന്ന 24438 രൂപ അക്കൗണ്ടിൽ ദീർഘകാലം ഇടപാടുകൾ നടക്കാതിരുന്നതിനാൽ ബാങ്ക് അധികൃതർ മുതൽക്കൂട്ടി. ടി തുക ബാങ്കിൽ നിന്ന് തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2018-19 വർഷത്തെ വ്യക്തിഗതാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യവും, നീതിപൂർവ്വവുമായാണ് നടത്തിയിട്ടുള്ളതെന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെടുകയും, എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കാതിരിക്കുകയും ചെയ്ത രേഖകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. വ്യക്തിഗതാനുകൂല്യങ്ങൾക്ക് ലഭിച്ചിട്ടുള്ള അപേക്ഷകൾ.
2. ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് (വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ അപേക്ഷകൾ പരിശോധിച്ച് തയ്യാറാക്കിയത്).
3. അർഹരായവരിൽനിന്നും മുൻഗണനാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരെ മുഴുവൻ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള കരട് മുൻഗണനാ ലിസ്റ്റ്.
4. മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖ.
5. കരട് ലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ രേഖ.

അന്തിമ ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിച്ചിട്ടില്ല. അപാകതക ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-41 റോഡ് ടാറിംഗ് പ്രവൃത്തികൾ - കാലി ബാരലുകളുടെ വില ഈടാക്കിയില്ല

2018-19 വർഷം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 28322 രൂപയും, GST ഇനത്തിൽ സർക്കാർ ഖജനാവിന് 5098 രൂപയും നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | പ്രവൃത്തി മൂല്യം | കാലി ബാരലുകളുടെ എണ്ണം | ബാരൽ വില | | |
|---|---|---|---|---|---|---|---|
| | | | | | @238/ ബാരൽ | GST 18% | ആകെ |
| 1 | കാവിലേത്ത് കോളനി റോഡ് റീടാറിംഗ് (39/19) | ശ്രീ. ബിനോയ് വി.പി. | 299881 | 14 | 3332 | 600 | 3932 |
| 2 | കുരിശുപടി വല്യവീട്ടിൽകടവ് റോഡ് റീടാറിംഗ് (26/19) | ശ്രീ. ബിനോയ് വി.പി. | 314780 | 18 | 4284 | 771 | 5055 |
| 3 | പൊൻമൈൽ കോളനി റോഡ് റീടാറിംഗ് (104/19) | ശ്രീ. ബിനോയ് വി.പി. | 259973 | 13 | 3094 | 557 | 3651 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | മോസ്ക് ജംഗ്ഷൻ പട്ടടപറമ്പിൽ അച്ചാവിൽ റോഡ് റീടാറിംഗ് (44/19) | ശ്രീ. ബിനോയ് വി.പി. | 199008 | 9 | 2142 | 386 | 2528 |
| 5 | ശ്രീദേവി സ്കൂൾപടി കിഴക്കേപറമ്പിൽ റോഡ് കൃഷ്ണവിലാസം തെക്ക് റോഡ് റീടാറിംഗ് (52/19) | ശ്രീ. ബിനോയ് വി.പി. | 399998 | 9 | 2142 | 386 | 2528 |
| 6 | കൊട്ടാരത്തിൽപ്പടി ുമ്പിനാൽ കടവ് റോഡ് പുനരുദ്ധാരണം (155/19) | ശ്രീ. ബിജു എബ്രഹാം | 139992 | 7 | 1666 | 300 | 1966 |
| 7 | തുമ്പയിൽകിഴക്കേപ്പടി കോ.ഓ.ബാങ്ക് റോഡ് (133/19) | ശ്രീ. മോൺസൺ ഐസക് | 299650 | 6 | 1428 | 257 | 1685 |
| 8 | പന്നായിക്കടവ് കാട്ടിപറമ്പ് റോഡ് റീടാറിംഗ് ( 27/19) | ശ്രീ. ബിനോയ് വി.പി. | 92652 | 5 | 1190 | 214 | 1404 |
| 9 | ഷോണിയിപ്പടി - മുത്തുറ്റ് പള്ളത്ത് റോഡ് റീടാറിംഗ് (61/19) | ശ്രീ. ബിനോയ് വി.പി. | 182996 | 10 | 2380 | 428 | 2808 |
| 10 | അനിപ്രയിൽ കോളനി റോഡ് റീടാറിംഗ് (105/18) | ശ്രീ. സാനു പി.എസ്. | 999477 | 28 | 6664 | 1200 | 7864 |
| | ആകെ | | | | 28322 | 5098 | 33420 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ബാരൽ വില കുറവ് ചെയ്യാതെ ബിൽ തുക നൽകിയ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 10.06.2019 – 12.06.2019 | നം.കെ.എസ്.എ.പി1/602(8)/19 തീ.08.07.19 |

## 4-2 ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ

ശ്മശാന നിർമ്മാണത്തിന് വേണ്ടി കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തിന് തുക അഡ്വാൻസായി നൽകിയതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസിയുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം. /ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | കോസ്റ്റ് ഫോർഡ് | ശ്മശാന നിർമ്മാണം | 0898681/20.03.17 | 800000 | 0 | 800000 |
| | | | 0898689/15.06.17 | 800000 | 0 | 800000 |
| | ആകെ | | | | | 1600000 |

## 4-3 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6320105രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/18.05.18 | 6320105 | 0 | 0 | 0 | 6320105 |

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) <u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

**ഇല്ല**

**(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

**ഇല്ല**

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80897836 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58188856 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3573582 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 409214 | ശ്രീമതി ഓമന കെ.പി., അസി.എഞ്ചിനീയർ |
| 1-29 | 2786368 | ശ്രീമതി ഓമന കെ.പി., അസി.എഞ്ചിനീയർ |

| | | |
|---|---|---|
| 1-36 | 378000 | ശ്രീ റോയ് ഐസക്, കൃഷി ഓഫീസർ |
| ആകെ | 3573582 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-41 | 5098 |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-23<br>1-11 |

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും, ഔദ്യോഗിക പദവിയും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ റോയ് ഐസക്, കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കടപ്ര ഗ്രാമപഞ്ചായത്ത് | കന്നിശ്ശേരിൽ വീട്,<br>കടപ്ര, നിരണം പി.ഒ.<br>തിരുവല്ല – 689621 |
| ശ്രീമതി ഓമന കെ.പി., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ കടപ്ര ഗ്രാമപ്പഞ്ചായത്ത്, നിരണം പി.ഒ | ഭാസ്കര വിലാസം അട്ടച്ചാക്കൽ പി.ഒ കോന്നി, പത്തനംതിട്ട – 689692 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ. പി3-590/96<br>തീയതി.10-7-1997 | 2 |
| 1997-98 | എൽ.എഫ്.പി.റ്റി.എ. പി4-621/02<br>തീയതി.7-02-03/10-04-03 | 1 |
| 2001-02 | എൽ.എഫ്.പി.റ്റി.എ. പി4-536/03<br>തീയതി.11-02-04/30-04-04 | 4 |
| 2001-02 ചെലവ് | എൽ.എഫ്.പി.റ്റി.എ. പി4-474/05<br>തീയതി.15-10-05/07-12-05 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി6-850/09<br>തീയതി.27-02-10/29-10-11 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി6-697/10 | 8 |

| | | |
|---|---|---|
| | തീയതി.2-11-11/05-02-13 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി6-698/10<br>തീയതി.21-11-11/05-02-13 | 8 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി7-793/11<br>തീയതി.20-12-11/05-02-13 | 5 |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി7-793(A)/11<br>തീയതി.21-12-11/05-02-13 | 7 |
| 2008-09<br>മുതൽ<br>2011-12<br>വരെ | എൽ.എഫ്.പി.റ്റി.എ. പി11-38/13<br>തീയതി.23-03-13/27-07-13 | 10 |
| 2012-13,<br>2013-14 | എൽ.എഫ്.പി.റ്റി.എ. പി4-885/14<br>തീയതി.14-11-14/18-11-14 | 6 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ പി4/685/16<br>തീയതി. 23.6.2016 | 4 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി4/1383/2016<br>തീയതി 03.01.2017 | 20 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി-4/915 /17<br>തീയതി 26.8.17 | 29 |
| 2017-18 | കെ.എസ്.എ.പി.റ്റി.എപി-4/98/19<br>തീയതി18/02/2019 | 33 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# <u>Annexure - I</u> <u>AUDIT CERTIFICATE</u>

No.KSA.PTA.P4/198/2020 Date:15.05.2020

Certified that I have examined the Annual Financial Statement of **Kadapra Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kadapra Grama Panchayat** for the year **2018-19** except the observations in para 1-10 of my report properly presents the picture of income and expenditure.

**Deputy Director**
**Kerala State Audit Department**
**Pathanamthitta**

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി4./198/2020 തീയതി: 15.05.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-10-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**